മത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷ: വിലയിരുത്തലും പരിഷ്കരണനിർദ്ദേശങ്ങളും

കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ച
വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട്

ജനുവരി 2022

“ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യരക്ഷ, അവശ്യസാമൂഹ്യസേവനങ്ങൾ, തൊഴിലില്ലായ്മയോ രോഗമോ അംഗവൈകല്യമോ വൈധവ്യമോ വാർദ്ധക്യമോ സ്വന്തം നിയന്ത്രണത്തിനതീതമായ സാഹചര്യങ്ങളിൽ ഉപജീവനമാർഗ്ഗത്തിന്റെ നഷ്ടമോ ഉണ്ടാകുമ്പോൾ സാമൂഹികസുരക്ഷയ്ക്കുള്ള അവകാശം എന്നിവ ഉൾപ്പെടെ, തന്റെയും തന്റെ കുടുംബത്തിന്റെയും ആരോഗ്യത്തിനും സുസ്ഥിതിക്കും പര്യാപ്തമായ ജീവിതനിലവാരത്തിനുള്ള അവകാശം ഓരോരുത്തർക്കുമുണ്ട്.”

- സാർവലൗകിക മനുഷ്യാവകാശപ്രഖ്യാപനം, വകുപ്പ്, 25(1), ഐക്യരാഷ്ട്രസഭ (1948)

*

സമുദ്രം നിറയെ മത്സ്യങ്ങളെ തന്ന് അള്ളാഹ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. ആ വിഭവസമ്പത്ത് നാം കരുതലോടെ സംരക്ഷിക്കുകയാണെങ്കിൽ, അതിനപ്പുറം എന്ത് സഹായമോ സംരക്ഷണമോ ആണ് വേണ്ടത്.

-ശെയ്ഫുദ്ദീൻ, പത്തേക്ക് ഗ്രാമം, ആസേ പ്രവിശ്യ, ഇന്തോനേഷ്യ (2007).

*

ചെറുകിട മത്സ്യബന്ധനമേഖലയിലുള്ള തൊഴിലാളികളുടെ സാമൂഹ്യസുരക്ഷയ്ക്ക് സംസ്ഥാനങ്ങൾ പ്രോത്സാഹനം നൽകണം. ചെറുകിട മത്സ്യബന്ധനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത്, അതിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും സാമൂ ഹികസുരക്ഷാപദ്ധതികൾ ഒരുക്കണം.

-ഭക്ഷ്യസുരക്ഷയുടെയും ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ സുസ്ഥിരമായ ചെറുകിട മത്സ്യബന്ധനം ഉറപ്പാക്കാനുള്ള എഫ്.എ.ഒ./യു.എൻ.മാർഗ്ഗനിർദ്ദേശം, ഖണ്ഡിക 6.3.

കേരളത്തിലെ മത്സ്യത്തൊഴിലാളികൾ: സാമൂഹികസുരക്ഷയ്ക്കുള്ള അവരുടെ അർഹത

കേരളത്തിലെ പുനരുജ്ജീവിക്കുന്ന പ്രകൃതിവിഭവങ്ങളിൽ സാമ്പത്തികമായും സാംസ്കാരികമായും ഏറ്റവും പ്രധാനപ്പെട്ടതാണ് സമുദ്രമത്സ്യം. സുസ്ഥിരമായി വിളവെടുക്കുകയും ശ്രദ്ധാന്തിയോടെ പരിപാലിക്കുകയും ചെയ്താൽ സംസ്ഥാനത്തെ ജനങ്ങൾക്ക് എന്നെന്നും ആശ്രയിക്കാവുന്ന പ്രകൃതിയുടെ വരദാനമാണിത്.

വിഭവസമൃദ്ധി: *വിദഗ്ധാഭിപ്രായമനുസരിച്ച് നമ്മുടെ കടലിൽ നിന്ന് 5-6 ലക്ഷം ടൺ മീൻ പിടിക്കാവുന്നതാണ് - ഈ സംസ്ഥാനത്തെ ഓരോ പൗരനും പ്രതിവർഷം ഏകദേശം 150 കിലോഗ്രാം മത്സ്യം!*

വിഭവത്തിന്റെ സർവവ്യാപ്തി, തൊഴിലിന്റെ അദൃശ്യത: ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഏറ്റവും കൂടുതൽ കടൽമത്സ്യം കഴിക്കുന്നത് കേരളീയരാണ്. സ,ാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും മതപരമായും എല്ലാ വിഭാഗങ്ങളിലും പെട്ടവർ മീൻ കഴിക്കുന്നു. മലയാളികളുടെ നിത്യസംഭാഷണത്തിലെ അവിഭാജ്യസാന്നിധ്യമാണ് മീൻ/മത്സ്യം. തീരപ്രദേശത്ത് താമസിക്കുന്ന ഉപഭോക്താക്കൾക്ക് തങ്ങൾ കഴിക്കുന്ന മീൻ എവിടെനിന്നു വരുന്നു എന്നതിനെക്കുറിച്ച് ഏകദേശരൂപമുണ്ടായിരിക്കും. മറ്റുള്ള ഉപഭോക്താക്കൾ തങ്ങളുടെ പാത്രത്തിലെ മത്സ്യത്തെ ഭക്ഷണത്തിലെ സ്വീകാര്യവും അവിഭാജ്യവുമായ ഘടകമായി കാണുന്നു. അതെങ്ങനെ അവിടെവന്നുവെന്ന് അവൻ ചിന്തിക്കാറില്ല. കർഷകർ നെല്ല് കൊയ്യുകയും പച്ചക്കറികൾ ശേഖരിക്കുകയും ചെയ്യുന്നതിൽനിന്ന് വ്യത്യസ്തമായി ചൂണ്ടയിട്ടോ വലയിട്ടോ മീൻ പിടിക്കുന്നതെങ്ങനെയെന്ന് മത്സ്യത്തൊഴിലാളികൾക്കല്ലാതെ മറ്റാർക്കും ഒരു രൂപവുമില്ല.

വികേന്ദ്രീകൃത ആവാസം: കേരളത്തിലെ സമുദ്രമത്സ്യബന്ധനസമൂഹം 222 ഗ്രാമങ്ങളിലായി 590 കിലോ മീറ്റർ തീരരേഖയിൽ പരന്നുകിടക്കുന്നു. ഓരോ രണ്ടര കിലോമീറ്ററിനും ഒരു ഗ്രാമം. കേരളത്തിൽ തീരമാണ് ഏറ്റവും ജനസാന്ദ്രതയേറിയ ഭാഗം. സമുദ്രമത്സ്യത്തൊഴിലാളിസമൂഹത്തിലെ ഏകദേശം 8,04,001 വരുന്ന അംഗങ്ങളെല്ലാവരും അവരുടെ തീരത്ത് നിരന്നുനിന്നു കൈകോർത്താൽ, കേരളത്തിന്റെ കടൽത്തീരത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഒരു മനുഷ്യച്ചങ്ങല തീർക്കാം.

ഏറ്റവും അപകടം പിടിച്ച ഉപജീവനമാർഗ്ഗം: നിത്യവും കടലിൽ പോയി മീൻ പിടിക്കുന്ന സക്രിയരായ മത്സ്യത്തൊഴിലാളികൾ അപകടകരമായ സാഹസകൃത്യങ്ങളിലാണ് ഏർപ്പെടുന്നത്. കേരളത്തിലെ ഉപഭോക്താക്കൾക്ക് മീൻ എത്തിക്കാനുള്ള യത്നത്തിനിടയിൽ, ആറ് ദിവസത്തിൽ ഒരു മത്സ്യത്തൊഴിലാളിക്ക് വീതം ജീവൻ നഷ്ടപ്പെടുന്നുവെന്നാണ് അടുത്ത കാലത്തെ കണക്ക്! മറ്റേത് ഉപജീവനമാർഗ്ഗത്തെക്കാളും വളരെ കൂടുതൽ അപകടം പിടിച്ചതാണ് മീൻപിടുത്തം.

ചലനാത്മകമായ വിപണികൾ: മീൻ കരയ്ക്കടുത്താൽ പിന്നെ ആകെയൊരു വെപ്രാളമാണ്. വളരെ പെട്ടെന്ന് ചീഞ്ഞുപോകുന്ന വസ്തുവാണ് മത്സ്യം. ഉപഭോക്താക്കൾക്കാകട്ടെ പിടയ്ക്കുന്ന മത്സ്യത്തോടാണ് പ്രിയം. സംസ്ഥാനത്തിന്റെ എല്ലാ മൂലകളിലും എത്രയും പെട്ടെന്ന് മീനെത്തിക്കാൻ വേണ്ടി, സ്ത്രീപുരുഷന്മാരുടെ വലിയൊരു ശൃംഖല - അനുബന്ധത്തൊഴിലാളികൾ- പലതരം പ്രവൃത്തികളിൽ ധൃതിയിൽ, കാര്യക്ഷമമായി ഏർപ്പെടുന്നു. മീൻ സംസ്ഥാനത്തിന്റെ എല്ലാ മൂലകളിലും എത്തിച്ചേരു

ന്നുവെന്ന് മാത്രമല്ല, രാജ്യത്തിന് ഗണ്യമായ വിദേശനാണയം നേടിത്തരുന്ന പ്രധാനപ്പെട്ടൊരു കയറ്റുമതിച്ചരക്ക് കൂടിയാണത്. 2020-ൽ സമുദ്രവിഭവങ്ങളുടെ കയറ്റുമതിമൂല്യം - ഏകദേശം 4000 കോടി രൂപാ മത്സ്യബന്ധനമേഖലയും മത്സ്യകൃഷിമേഖലയും കൂടി സംസ്ഥാനത്തിന് നേടിത്തന്ന മൊത്തം സംസ്ഥാന ഉത്പാദനത്തിന് (ഗ്രോസ്സ് സ്റ്റേറ്റ് വാല്യൂ ആഡഡ് GSVA) തുല്യമായിരുന്നു.

തീരം കാക്കുന്നവർ: മത്സ്യത്തൊഴിലാളികൾ നാടിനു നൽകുന്ന ഇത്തരം സംഭാവനകൾക്കുപുറമേ, സമുദ്ര മത്സ്യത്തൊഴിലാളികൾ നമ്മുടെ കടൽത്തീരത്തിന്റെ രക്ഷകരും രക്ഷാധികാരികളുമായി വർത്തിക്കുന്നു. ബീച്ച് ടൂറിസം സംസ്ഥാനത്തെ പ്രധാനപ്പെട്ടൊരു സാമ്പത്തിക പ്രവർത്തനമാണെങ്കിൽ അതിന്റെ വിജയത്തിന് സൂര്യപ്രകാശവും മണൽത്തിട്ടകളുള്ള കടപ്പുറവും മാത്രം പോരാ. വർണ്ണപ്പകിട്ടാർന്ന മീൻപിടിത്തവള്ളങ്ങളും തിരക്കുപിടിച്ചതും ബഹളമയവുമായ മീൻലേലത്തിന്റെ അദ്വിതീയ ദൃശ്യങ്ങളും വിനോദസഞ്ചാരികളെ ആകർഷിക്കുന്നു. എപ്പോഴും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നതാണ് സംസ്ഥാനത്തിന്റെ കാലാവസ്ഥാചിത്രം; കൂടുതൽ കൊടുങ്കാറ്റിനും പേമാരിക്കും കാരണമായിത്തീരുന്ന, കൂടുതൽ കൂടുതൽ പ്രവചനാതീതമായിത്തീർന്നു കൊണ്ടിരിക്കുന്ന ഈ സംഭവങ്ങളുടെ തുയിലുണർത്തുകാരും പ്രതിസ്പന്ദകരും മാത്രമല്ല, അവയുടെ ആദ്യത്തെ ഇരകളും സമുദ്ര മത്സ്യത്തൊഴിലാളികളാണ്. ഓഖി ചുഴലിക്കാറ്റിൽ മത്സ്യത്തൊഴിലാളികൾ അനുഭവിച്ച ദുരന്തങ്ങളും രണ്ടായിരത്തിപ്പതിനെട്ടിലെ അഭൂതപൂർവ്വമായ പ്രളയകാലത്ത് വെള്ളത്തിൽ മുങ്ങിയവരെ രക്ഷപെടുത്താൻ നടത്തിയ അഭൂതപൂർവ്വമായ രക്ഷാപ്രവർത്തനങ്ങളിൽ അവർ വഹിച്ച തീർത്തും നിസ്വാർത്ഥമായ പങ്കും, രണ്ടും നമുക്ക് മറക്കാതിരിക്കാം.

രജിസ്റ്റർ ചെയ്തിട്ടുള്ള സമുദ്ര മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും കൂടി 2,30,000 പേരുണ്ട്. സംസ്ഥാനത്തെ പണിയെടുക്കുന്ന ആളുകളുടെ ചെറുതെങ്കിലും (1.5%) പ്രധാനപ്പെട്ടൊരു ഭാഗമാണവർ.

അവർ കടലിൽനിന്ന് സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ശേഖരിക്കുന്നു, മീൻ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനുവേണ്ടി ഗണ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. രാജ്യത്തിന്റെ വിദേശനാണ്യ വരുമാനത്തിലും വിനോദസഞ്ചാരത്തിൽനിന്നുള്ള വരുമാനത്തിലും ഗണ്യമായ സംഭാവനകൾ നൽകുന്നു; നമ്മുടെ കടലുകളിൽ ദീപസ്തംഭങ്ങളായി പ്രശോഭിക്കുന്നു. ഇത് മത്സ്യത്തൊഴിലാളികളെ സാമ്പത്തികവും സാംസ്കാരികവുമായ പ്രാധാന്യമുള്ള, വിലപ്പെട്ട മാനവവിഭാഗമാക്കുന്നു. അപര്യാപ്തമായ സാമൂഹികസുരക്ഷമൂലം ദുർബ്ബലമാക്കാൻ പാടില്ലാത്തത്ര വിലയേറിയതാണ് അവരുടെ സംഭാവന.

(വർക്കിംഗ് ഗ്രൂപ്പിൽ പങ്കെടുത്ത മത്സ്യബന്ധനമേഖലയുടെ രണ്ട് പ്രതിനിധികൾ പറഞ്ഞുകൊടുത്ത് എഴുതിച്ചതാണ് ഈ പ്രസ്താവന).

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ

അംഗങ്ങൾ

സി.രാമചന്ദ്രൻ (പ്രിൻസിപ്പൽ സയന്റിസ്റ്റ്, എസ്.ഇ.ഇ.റ്റി.റ്റി.ഡിവിഷൻ,
സി.എം.എഫ്.ആർ.ഐ., കൊച്ചി.

ഡോ.ഡെയ്സി കാപ്പൻ, പ്രൊഫസ്സർ, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ
കെ.യു.എഫ്.ഒ. എസ്., കൊച്ചി.

ശ്രീ.വി.എം.ഷൗക്കത്ത്, കേരള കർഷക സംഘം, മലപ്പുറം.

ഡോ.എ.സുരേഷ്, പ്രിൻസിപ്പൽ സയന്റിസ്റ്റ്,
എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിറ്റിക്സ്, സി.ഐ.എഫ്.റ്റി, കൊച്ചി.

ഡോ.എം.കെ.അനിൽ, പ്രിൻസിപ്പൽ സയന്റിസ്റ്റ്,
സി.എം.എഫ്.ആർ.ഐ, തിരുവനന്തപുരം

ശ്രീമതി സി.ആർ.സത്യവതി,
റിട്ടയേർഡ് അഡീഷണൽ ഡയറക്ടർ ഓഫ് ഫിഷറീസ്, കൊച്ചി.

ശ്രീ.പി.പി.ചിത്തരഞ്ജൻ, മുൻ ചെയർമാൻ, മത്സ്യഫെഡ്.

ശ്രീ. ആന്റണി കുരിശിങ്കൽ, അംഗം,
സ്റ്റേറ്റ് കമ്മിറ്റി, സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ.

ശ്രീ.വി.വിവേകാനന്ദൻ, മുൻ സി.ഇ.ഒ, സൗത്ത് ഇന്ത്യൻ ഫെഡറേഷൻ ഓഫ് ഫിഷർമെൻ
സൊസൈറ്റീസ് (എസ്.ഐ.എഫ്.എഫ്.എസ്).

ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, ജനറൽ സെക്രട്ടറി,
ആൾ കേരള ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ.

അദ്ധ്യക്ഷൻ

ഡോ.ജോൺ കുര്യൻ, വിസിറ്റിംഗ് പ്രൊഫസ്സർ,
അസിം പ്രേംജി യൂണിവേഴ്സിറ്റി, ബംഗളൂരു.

ഡ്രാഫ്റ്റിംഗ് കമ്മിറ്റി അംഗങ്ങൾ

ഡോ.സി.രാമചന്ദ്രൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ്,
എസ്.ഇ.ഇ.റ്റി.റ്റി, സി.എം.എഫ്.ആർ.ഐ, കൊച്ചി.

ഡോ.എ.സുരേഷ്, പ്രിൻസിപ്പൽ സയന്റിസ്റ്റ്, എക്സ്റ്റൻഷൻ,
ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിറ്റിക്സ്, സി.ഐ.എഫ്.റ്റി, കൊച്ചി.

ശ്രീമതി. സ്മിത.ആർ.നായർ, ജോയിന്റ് ഡയറക്ടർ,
ഡിപ്പാർട്ട്മെന്റ് ഓഫ് ഫിഷറീസ്, തിരുവനന്തപുരം.

സംയോജകർ

ഡോ.ജോൺ കുര്യൻ, വിസിറ്റിംഗ് പ്രൊഫസ്സർ,
അസിം പ്രേംജി യൂണിവേഴ്സിറ്റി, ബംഗളൂരു.

ഉള്ളടക്കം

കേരളത്തിലെ മത്സ്യത്തൊഴിലാളികൾ: സാമൂഹികസുരക്ഷയ്ക്കുള്ള അവരുടെ അർഹത

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ

1. ആമുഖം

സാമൂഹിക സുരക്ഷയുടെ അന്തഃസത്ത
സാമൂഹികസുരക്ഷാതന്ത്രങ്ങൾ
സാമൂഹികസുരക്ഷയും മത്സ്യത്തൊഴിലാളി സമൂഹങ്ങളും
കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷ: സംക്ഷിപ്തചരിത്രം
    1984-നു ശേഷം
    2005-നു ശേഷം
അപകടസാദ്ധ്യതയാണ്, വരുമാനല്ല, മുഖ്യപ്രശ്നം
ഈ വർക്കിംഗ് ഗ്രൂപ്പിന്റെ നിയുക്ത കൃത്യം
റിപ്പോർട്ടിന്റെ ഘടന

2. ഇതുവരെയുള്ള സാമൂഹികസുരക്ഷാനടപടികളുടെ വിലയിരുത്തൽ

കെ.എസ്.ഡബ്ലിയു.എഫ്.ബി. നിധിയിലേക്ക് സംഭാവന നൽകുന്നവർ
    സംഭാവന നൽകുന്നതിനെപ്പറ്റിയുള്ള കോടതിയുടെ കുറ്റപ്പെടുത്തൽ: സംക്ഷിപ്തചരിത്രം
    കോടതിയുടെ കുറ്റപ്പെടുത്തലിനപ്പുറം
ഉത്കണ്ഠ ഉളവാക്കുന്ന നിർണായകമായ ചില വലിയ കാര്യങ്ങൾ.
    കയറ്റുമതിക്കാരിൽ നിന്നുള്ള സംഭാവനയുടെ സാങ്കല്പികനഷ്ടം.
    കച്ചവടക്കാരിൽനിന്നും മറ്റു മത്സ്യ ഇടപാടുകാരിൽനിന്നുമുള്ള സാങ്കല്പികനഷ്ടം.
ക്ഷേമപ്രവർത്തനങ്ങൾക്ക് പണം ലഭിക്കാൻ സാദ്ധ്യതയുള്ള മറ്റ് സ്രോതസ്സുകളെപ്പറ്റി
    മത്സ്യബന്ധനയാനങ്ങളിൽനിന്ന് ഈടാക്കുന്ന പിഴ.
    കുടിയേറ്റ തൊഴിലാളികളുടെയും ഇ-ശ്രം പോർട്ടലിന്റെയും രജിസ്ട്രേഷൻ
    കയറ്റുമതിക്കാരിൽനിന്ന് സംഭാവന പിരിക്കാനുള്ള മറ്റൊരു നിർദ്ദേശം
    നീലസമ്പദ്ഘടനയിൽ നിക്ഷേപകരാകുന്നവരുടെ സംഭാവന
    വാഹനങ്ങളുടെയും തുറമുഖങ്ങളുടെയും ചന്തകളുടേയും ഉപയോക്താക്കൾ നൽകുന്ന ഫീസ്
2008 മുതൽ 2021 വരെ മത്സ്യബോർഡ് സാമൂഹിക സുരക്ഷാസഹായം
മറ്റ് സാമൂഹിക സുരക്ഷാ സഹായങ്ങൾ
കൂടുതൽ ചിട്ടയോടു കൂടിയ രജിസ്ട്രേഷന്റെയും വിവരശേഖരണത്തിന്റെയും ആവശ്യകത
ക്ഷേമനിധിയുടെ ഭാവിയെക്കുറിച്ച് ചില വിചാരങ്ങൾ

3. കേരളത്തിലെ മത്സ്യത്തൊഴിലാളിയുടെ നിർവചനം

ആരാണ് മത്സ്യത്തൊഴിലാളി - നിർവ്വചനവും പുനർനിർവ്വചനവും നിർവ്വചനത്തിന്റെ വിപുലീകരണവും

കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ബന്ധമുള്ള വിവിധ പ്രവർത്തനങ്ങളുടെ രേഖീയ വിവരണം

ഈ വർഗ്ഗീകരണത്തിലെ പ്രധാന പരിഗണനകൾ

സാമൂഹിക സുരക്ഷാ സഹായങ്ങൾക്ക് അവകാശം ഉന്നയിക്കുന്ന മറ്റുള്ളവർ

മീൻ പിടിത്തക്കാരുടെയും തൊഴിലാളികളുടെയും കുടിയേറ്റം

കേരളത്തിലെ മത്സ്യമേഖലയിലെ തൊഴിലാളികളുടെ ഭാവി

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ അവകാശങ്ങൾക്ക് മുൻഗണന നൽകൽ

4. ഉത്തരവാദിത്തത്തോടുകൂടിയ മത്സ്യബന്ധനവും സാമൂഹികസുരക്ഷയും

സുസ്ഥിരമല്ലാത്ത മത്സ്യബന്ധനം സാമൂഹികസുരക്ഷയെ ബാധിക്കുന്നു

ഹരിതനിക്ഷേപങ്ങളുടെ പ്രോത്സാഹനം

കാർബൺ ഉദ്വമനത്തിന്റെ ന്യൂനീകരണം:

വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഔട്ട് ബോർഡ് മോട്ടോറുകൾ.

സുസ്ഥിരമായ മത്സ്യ ബന്ധനത്തിനുവേണ്ടി വിപണികൾക്ക് ഉത്തേജനം നൽകുക

5. സമുദ്രസുരക്ഷയും ഇൻഷ്വറൻസും

സമുദ്രസുരക്ഷാനടപടികളും അപകടസാദ്ധ്യതകളും സാമൂഹികസുരക്ഷയും

- 60 വയസ്സിനു ശേഷമുണ്ടാകുന്ന അപകടങ്ങൾ

കാലാവസ്ഥാവിവരങ്ങളും ആശയവിനിമയവും.

സമുദ്രനിരീക്ഷണത്തിലും ആശയവിനിമയത്തിലും സമൂഹത്തിന്റെ പങ്കാളിത്തം

കടലപകടങ്ങളിൽ പെടുന്നവരുടെ രക്ഷപെടുത്തൽ

- പുതിയ കണ്ടുപിടുത്തങ്ങളുടെ ആവശ്യം
- സാമൂഹികപങ്കാളിത്തം ഉറപ്പാക്കൽ
- കടലപകടങ്ങളിൽ പെടുന്നവരെ രക്ഷിക്കാനുള്ള കർമ്മസേന
- ബോട്ട് യാർഡുകൾ.

ഫിഷറീസ് മോണിറ്ററിംഗ്, കൺട്രോൾ, സർവൈലൻസ് (എ.എം.സി.എസ്) സ്റ്റേഷൻ

ഇൻഷ്വറൻസ്

- മത്സ്യബന്ധന ആസ്തികളുടെ ഇൻഷ്വറൻസ്
- കാലാവസ്ഥാവകുപ്പിന്റെ നിരോധനംമൂലം ഉണ്ടാവുന്ന സാമ്പത്തിക നഷ്ടങ്ങൾക്കുള്ള ഇൻഷ്വറൻസ്

6. കാലാവസ്ഥാ വ്യതിയാനം, സുരക്ഷിതപാർപ്പിടം, സുസ്ഥിരതീരം

കാലാവസ്ഥാവ്യതിയാനത്തിന്റെയും കടലാക്രമണത്തിന്റെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം

- പുനർഗേഹം പ്രോജക്റ്റ്

മാതൃകാഗ്രാമങ്ങൾ

- ഒരു പുതിയ സമീപനം
- രൂപപ്പെടുന്നതെങ്ങനെ
- ഒരു സമഗ്രസമീപനം

സി.ആർ.സെഡ് വിജ്ഞാപനം തീരദേശത്തെ സ്ഥലവിനിയോഗാസൂത്രണം പങ്കാളിത്തത്തോടെയുള്ള ഭൂപടനിർമ്മാണം

7. വായ്പ, കടക്കെണി, സംഘടനാപരമായ പിന്തുണ

വായ്പയുടെയും കടക്കെണിയുടെയും പ്രത്യേകതകൾ

വായ്പയും ആദ്യവിൽപ്പനയ്ക്കുള്ള നിയമാനുസൃത അവകാശങ്ങളും

നിർണായക പിന്തുണ സംഘടനാപരം

മത്സ്യഫെഡ്

മത്സ്യഫെഡിലെ പങ്കാളിത്തക്കുറവ് എന്തുകൊണ്ട്?

എന്തുചെയ്യാൻ കഴിയും?

മത്സ്യഭവനങ്ങൾ

കടാശ്വാസ കമ്മീഷൻ

8. വനിതകളും വിപണികളും സ്വയം സഹായ സംഘങ്ങളും

വനിതാ വിപണികളും മത്സ്യബന്ധന തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും

കേരളത്തിലെ മീൻ ചന്തകൾ - പ്രോത്സാഹനപരവും പരിവർത്തനപരവുമായ സാമൂഹിക സുരക്ഷാ പരിഷ്കരണങ്ങൾ നടപ്പാക്കാനും അന്തസ്സായി ജോലി ചെയ്യാനുമുള്ള ഇടം

ചന്തകൾ മെച്ചപ്പെടുത്താൻ

കയറ്റുമതിക്കും ആഭ്യന്തര ചില്ലറ വിൽപ്പനശാലകൾക്കും വേണ്ടി മീൻ സംസ്കരിക്കുന്ന യൂണിറ്റുകൾ

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷ് വർക്കേഴ്സ് (എസ്.എ.എം)

സെൽഫ് ഹെല്പ് ഗ്രൂപ്പുകൾ (എസ്.ജി.എച്ച്)

9. മനുഷ്യശേഷി വികസനം

കേരളത്തിലെ ഫിഷറി സ്കൂളുകൾ

വനിതകൾ

കുട്ടികൾ

ഫിഷറി സ്കൂളിലെ അദ്ധ്യാപനവും പരിശീലനവും:

പുനഃസംഘടനയുടെ ആവശ്യകത

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ ഭാഗമായുള്ള ഫിഷറി വിദ്യാഭ്യാസത്തിന്റ വിലയിരുത്തൽ

വിദ്യാഭ്യാസ സഹായം

കേരള യൂണിവേഴ്സിറ്റി ഫോർ ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസും (കെ.യു.എഫ്.ഒ.എസ്) മത്സ്യത്തൊഴിലാളി സമൂഹവും

ഗ്രാമങ്ങളിലെ പ്രേരണാസ്രഷ്ടാക്കൾ

ആഗോളമത്സ്യബന്ധനമേഖലയ്ക്കുവേണ്ടി മത്സ്യത്തൊഴിലാളികളെ സജ്ജരാക്കുക

പദ്ധതികളെപ്പറ്റി പൊതുവായ അവബോധം ഉയർത്തുക

വിജ്ഞാനപ്രദമായ ലഘുലേഖകളും പോസ്റ്ററുകളും സചിത്ര പുസ്തകങ്ങളും

10. വിവരശേഖരവും അറിവും

ശാക്തീകരണത്തിനും നയനിർമ്മാണത്തിനുംവേണ്ട നല്ല വിവരശേഖരങ്ങളും സമയോജിതമായ അറിവും

കുട്ടികൾ ആണോ പെണ്ണോ?

ാസെക്രിയരായ മത്സ്യത്തൊഴിലാളി പുരുഷന്മാർ/സ്ത്രീകൾ ആരൊക്കെ?

യാനങ്ങളെപ്പറ്റിയും ഉപകരണങ്ങളെപ്പറ്റിയുമുള്ള വിവരശേഖരം

മീൻപിടുത്തം

മത്സ്യബന്ധനവിവരശേഖരത്തെപ്പറ്റിയും വിവരങ്ങളെപ്പറ്റിയും വിദഗ്ധ അഭിപ്രായാന്വേഷണം

മീൻപിടിത്തക്കാരെപ്പറ്റിയും മത്സ്യബന്ധനോപകരണങ്ങളെപ്പറ്റിയും ഏകദിന സെൻസസ്

11. ശുപാർശകൾ - ഭാവിയെക്കുറിച്ചൊരു സ്വപ്നം

വീക്ഷണങ്ങളും മുൻഗണനാചിന്തകളും

സാമൂഹികസുരക്ഷാനിധികളുടെ മൂല്യനിർണയം

മത്സ്യത്തൊഴിലാളി - പുനർനിർവചനം

മത്സ്യബന്ധനം ഉത്തരവാദിത്വബോധത്തോടെ

കടൽസുരക്ഷയും ഇൻഷുറൻസും

കാലാവസ്ഥാമാറ്റം, പാർപ്പിടം സുരക്ഷിതമായ തീരങ്ങൾ

വായ്പയും സ്ഥാപനങ്ങളും

വനിതകളും ചന്തകളും

മനുഷ്യശേഷിവികസനം

വിവരശേഖരവും അറിവും

12. ഉപസംഹാരം

അനുബന്ധങ്ങൾ

അനുബന്ധം A: വാർത്താവിനിമയോപാധികളുടെ വിശദാംശങ്ങൾ

അനുബന്ധം B: കേരളത്തിലെ കൊച്ചി ദീപസ്തംഭ (light house) ജില്ല ദീപസ്തംഭങ്ങളുടെ ശൃംഖല

അനുബന്ധം C: 'ഗാവ്-ധൻ' സി.ആർ.സെഡ്. 1991-ൽ

അനുബന്ധം D: തീരദേശത്തെ സ്ഥലവിനിയോഗവും മത്സ്യത്തൊഴിലാളിസമൂഹം നടത്തുന്ന കടൽ ഭൂപടനിർമ്മാണവും

അനുബന്ധം E : സഹകരണസംഘങ്ങളെ സംബന്ധിക്കുന്ന സാർവലൗകിക തത്ത്വങ്ങൾ

അനുബന്ധം F: മൊത്തക്കച്ചവടം നടത്തുന്ന മീൻചന്തകളെപ്പറ്റി

അനുബന്ധം G: ഒരു മാതൃകാ മത്സ്യച്ചന്ത കൊള്ളരുതാത്തതാക്കിയതെങ്ങനെ

അനുബന്ധം H: ചുരുട്ടിക്കെട്ടി കൊണ്ടുപോകാവുന്ന വഴിയോരക്കട - ഒരു മാതൃക

അനുബന്ധം I: നിപുണരായ മത്സ്യത്തൊഴിലാളികൾക്ക് ബ്രിട്ടനിൽ ജോലിസാദ്ധ്യത

അനുബന്ധം J: റിംഗ് സീൽ വരുമാനത്തിന്റെ വിതരണം

അനുബന്ധം K: തമിഴ്നാട് ഫിഷർമെൻ ആൻഡ് ലേബറേഴ്സ് എൻഗേജസ് ഇൻ ഫിഷിംഗ് ആൻഡ് അദർ അലൈഡ് ആക്ടിവിറ്റീസ് (സോഷ്യൽ സെക്യൂരിറ്റി ആൻഡ് വെൽഫെയർ) ആക്ട് 2007

ശുപാർശകൾ - ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ

വീക്ഷണങ്ങളും മുൻഗണനാചിന്തകളും

1. സംസ്ഥാനത്ത് മീൻപിടിത്തം കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ മത്സ്യത്തൊഴിലാളികളുടെയും അവരുടെ സമൂഹങ്ങളുടെയും ഒരു മനുഷ്യാവകാശമാണ് സാമൂഹികസുരക്ഷ. അവർ കടലിൽ പോയി ദോഷരഹിതവും പോഷകസമൃദ്ധവുമായ ഭക്ഷ്യവിഭവം ശേഖരിച്ചു കൊണ്ടുവരുന്നു; ആ മത്സ്യം ചീത്തയാകാതെ എത്രയും പെട്ടെന്ന് ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കാൻ വേണ്ട വിപുലമായ വിതരണശൃംഖല സൃഷ്ടിക്കുന്നതിലൂടെ കരയിൽ ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. രാജ്യത്തിന്റെ വിദേശ നാണ്യ ശേഖരവും വിനോദ സഞ്ചാരസാദ്ധ്യതയും വർദ്ധിപ്പിക്കുകയും നമ്മുടെ സമുദ്രങ്ങൾ കാക്കുന്ന ദീപസ്തംഭങ്ങളായി വർത്തിക്കുകയും ചെയ്യുന്നു. നമ്മുടെ സമൂഹത്തിന്റെ മാനുഷികമായും സാമ്പത്തികമായും സാംസ്കാരികമായും പ്രധാനപ്പെട്ടൊരു ഭാഗമാണവർ.

2. കേരളത്തിലെ, മറ്റുനാടുകളിലെയും, മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയ്ക്കുള്ള മാഗ്നാകാർട്ടയാണ്, മൗലികാവകാശപ്രഖ്യാപനമാണ്, ഐക്യരാഷ്ട്രസഭ/ഭക്ഷ്യകൃഷിസംഘടന (യു.എൻ/എഫ്.എ.ഒ.) പുറപ്പെടുവിച്ചിട്ടുള്ള സുസ്ഥിരമായ ചെറുകിടമത്സ്യബന്ധന വ്യവസായത്തിനുവേണ്ടിയുള്ള സ്വേച്ഛാപരമായ മാർഗ്ഗനിർദ്ദേശങ്ങൾ (എസ്.എസ്.എഫ്. മാർഗ്ഗനിർദ്ദേശങ്ങൾ). ഭാവിയിൽ മത്സ്യത്തൊഴിലാളികൾക്ക് സാമൂഹികസുരക്ഷ ഏർപ്പെടുത്തുന്ന കാര്യത്തിൽ എസ്.എസ്.എഫ്.മാർഗ്ഗനിർദ്ദേശങ്ങൾ കേരള ഗവൺമെന്റിന് വഴികാട്ടിയാവണം.

3. നാലു തരം സാമൂഹിക സുരക്ഷാനടപടികൾ ഈ റിപ്പോർട്ടിൽ അക്കമിട്ടുപറയുന്നുണ്ട്. സംരക്ഷണപരം, പ്രതിരോധപരം, പ്രോത്സാഹനപരം, അഭിവൃദ്ധിപരം. ഈ നടപടികൾ തമ്മിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്തേണ്ടതാണ്. പക്ഷേ, തൊഴിലാളികൾ ജീവിക്കുന്ന സാഹചര്യങ്ങൾ, ബാഹ്യഘടകങ്ങൾ, അവരുടെ സാമ്പത്തികസ്ഥിതി എന്നിവയ്ക്കനുസരിച്ച് മുൻഗണനാപരിഗണനയിൽ വ്യത്യാസങ്ങൾ വേണ്ടിവരും. സമൂഹം - വിപണി - സർക്കാർ ത്രയത്തിനകത്തായിരിക്കണം സാമൂഹിക സുരക്ഷാസംവിധാനം. മതിയായ സംരക്ഷണം ഉചിതമായ രീതിയിൽ ലഭിക്കുന്നതിനും തങ്ങളുടെ ജീവിതാഭിലാഷങ്ങൾ നിറവേറ്റാൻ കഴിയുമെന്നുള്ള സുസ്ഥിരമായ ഉറപ്പ് മത്സ്യത്തൊഴിലാളികൾക്കു ലഭിക്കാനും ഇതേ മാർഗ്ഗമുള്ളൂ. വർത്തമാനകാലത്തും ഭാവിയിലും മത്സ്യത്തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷയുടെ ഊന്നൽ സംരക്ഷണപരവും (ഉദാ-ഇൻഷ്വറൻസ്, പെൻഷൻ) അഭിവൃദ്ധിപരവും (ഉദാ-വിഭവങ്ങളുടെ പരിപാലനം, സഹായകമായ നിയമനിർമ്മാണം) ആയിരിക്കേണ്ടതുണ്ട്.

4. കേരളത്തിന്റെ ആകമാനവികസനത്തിന്റെ 'പുറമ്പോക്കുകാർ' ആയിട്ടാണ് മത്സ്യത്തൊഴിലാളികളെ മുമ്പ് കണ്ടിരുന്നത്. 1990-കൾ മുതൽ മത്സ്യത്തൊഴിലാളികളുടെ ശരാശരി സാമ്പത്തികനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്; കഴിഞ്ഞ ഒരു ദശകമായി അത് സുസ്ഥിരമാണ്. ഇന്നും വരുംകാലത്തും മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രധാന പ്രശ്നം സാമ്പത്തി

കമായിരിക്കില്ല. കേരളത്തിലെ മറ്റേത് പ്രാഥമിക ഉത്പാദകരെയും അപേക്ഷിച്ച്, കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കടലിലും തീരദേശത്തെ വാസസ്ഥലങ്ങളിലും മത്സ്യത്തൊഴിലാളികളെ പാരിസ്ഥിതികമായും ഭൗതികമായും കൂടുതൽ സാരമായി ബാധിക്കും. നേരത്തേ തന്നെ വലിയ കടക്കെണികളിൽ അകപ്പെട്ടിട്ടുള്ള അവർക്ക് കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന തൊഴിത്പരവും സാമ്പത്തികവുമായ അരക്ഷിതാവസ്ഥ അസഹ്യമായിരിക്കും. മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിക്കുന്ന സാമൂഹിക സുരക്ഷാനടപടികൾ പ്രധാനമായും പാരിസ്ഥിതികവും ഭൗതികവും തൊഴിത്പരവും സാമ്പത്തികവുമായ അരക്ഷിതാവസ്ഥ ലഘൂകരിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നവയായിരിക്കണം.

5. ചെറുകിട കൈത്തൊഴിലുകാരായ മത്സ്യത്തൊഴിലാളികളുടെ സമൂഹങ്ങളിൽ ജീവനോപാധികളുടെ സമ്പാദനം അപകടസാദ്ധ്യതയുള്ളതും വിഷമകരവുമായ പണിയാണ്. പക്ഷേ, ഉഷ്ണമേഖലയിത്പ്പെട്ട തീരക്കടലുകളിൽ നിന്ന് സുസ്ഥിരമായി കോരിയെടുക്കാവുന്ന പുനരുജ്ജീവിക്കുന്ന മത്സ്യസമ്പത്തിന്റെ സമൃദ്ധി ഈ അപകടസാദ്ധ്യതയ്ക്ക് തികഞ്ഞ ഉപശാന്തിയാവുന്നു. ഈ പ്രകൃതിവിഭവം ശരിയായി പരിപാലിക്കപ്പെടുകയും മീൻപിടിത്തക്കാർക്ക് അവരുടെ കഠിനാദ്ധ്വാനത്തിന് തക്കതായ പ്രതിഫലം ഉറപ്പാവുകയും ചെയ്താൽ അവർക്ക് സംതൃപ്തവും അന്തസ്സുറ്റതുമായ നല്ല ജീവിതം നയിക്കാൻ കഴിയും.

6. അരക്ഷിതാവസ്ഥ നേരിടുന്നതിന്, ഓരോ അപകടവും വന്നുപെടുമ്പോൾ അതിനെ അതിജീവിക്കാൻ വേണ്ടി പ്രത്യേകം തയ്യാറാക്കിയ സംരക്ഷണനടപടികൾ ആവശ്യമായി വരും. ഇത്തരം കർമ്മപദ്ധതികൾ മത്സ്യത്തൊഴിലാളികൾക്ക് ആത്മവിശ്വാസം പകരുകയും അവരുടെ അതിജീവനത്വര ശക്തിപ്പെടുകയും ഗവൺമെന്റിലുള്ള വിശ്വാസം വർദ്ധിക്കുയും ചെയ്യും. സമൂഹമായിരിക്കും എപ്പോഴും അവരുടെ അഭയസ്ഥാനം - നങ്കൂരം. സമൂഹം അവർക്ക് സുസ്ഥിരതയും സ്വയംഭരണാവകാശവും അതിജീവനശേഷിയും പ്രദാനം ചെയ്യുന്നു. വിപണിയാണ് യന്ത്രം, തുഴ അഥവാ കപ്പൽപ്പായ് - ഗവൺമെന്റ് പങ്കായം. ഗവൺമെന്റ് ദിശാസൂചന നൽകുകയും, ഏത് ചട്ടക്കൂടിനുള്ളിലാണോ മത്സ്യത്തൊഴിലാളികൾ പണിയെടുക്കുന്നത് അതിന്റെ പോക്ക് സുകരമാക്കുകയും ചെയ്യുന്നു. ഈ സമൂഹം-വിപണി-ഗവൺമെന്റ് ത്രയത്തിനുള്ളിലായിരിക്കണം സാമൂഹികസുരക്ഷ സ്ഥിതി ചെയ്യുന്നത്. മതിയായ സംരക്ഷണം ഉചിതമായ രീതിയിൽ ലഭിക്കുന്നതിനും തങ്ങളുടെ തൊഴിലുകൊണ്ട് തങ്ങളുടെ ജീവിതാഭിലാഷങ്ങൾ നിറവേറ്റാൻ കഴിയുമെന്നുള്ള സുസ്ഥിരമായ ഉറപ്പ് ലഭിക്കുന്നതിനും ഇതേ മാർഗ്ഗമുള്ളൂ.

7. കൂടാതെ, മത്സ്യബന്ധനമേഖലയിലെ തൊഴിലിന്റെ സ്വഭാവവും തൊഴിലാളിസമൂഹത്തിന്റെ ഘടനയും മാറിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ വിദ്യാസമ്പന്നരായ യുവാക്കൾ മറ്റ് തൊഴിൽമേഖലകളിൽ കണ്ണുവയ്ക്കുന്നതുകൊണ്ട്, പരമ്പരാഗതമായ ചെറിയ യാനങ്ങളിൽ മീൻ പിടിക്കാൻ പോകുന്നവരുടെ പ്രായം കൂടിക്കൂടി വരികയാണ്. എന്നിരുന്നാലും അടിസ്ഥാനവിദ്യാഭ്യാസം നേടിയ ധാരാളം പേർ ഇപ്പോഴും സസന്തോഷം മീൻപിടിക്കാൻ പോകുന്നുണ്ട്. സംസ്ഥാനത്തെ സമുദ്രമത്സ്യബന്ധനസേനയുടെ നട്ടെല്ലായി അവരിപ്പോഴും വർത്തിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ നിന്നു വരുന്ന, കടലിൽ

പോയി മീൻ പിടിക്കുന്ന സമൂഹത്തിന്റെ കാമ്പായ ഈ വിഭാഗത്തെ തങ്ങളുടെ പാരമ്പര്യത്തൊഴിലിൽ നിൽക്കാൻ പ്രോത്സാഹിപ്പിക്കുകയും അങ്ങനെ ചെയ്യുന്നതിന് അർഹമായ ആനുകൂല്യങ്ങൾ നൽകുകയും വേണം.

8. ഇന്ന് യന്ത്രവത്കൃത മീൻപിടിത്തയാനങ്ങൾ ഏതാണ്ട് പൂർണ്ണമായും അന്യസംസ്ഥാന ത്തൊഴിലാളികളെയാണ് ആശ്രയിക്കുന്നത്. പരമ്പരാഗതമത്സ്യത്തൊഴിലാളിസമൂഹങ്ങളിലെ പുരുഷന്മാർ കുടുംബവും ഗ്രാമവും വിട്ട് ഏറെനാൾ ദൂരസ്ഥലങ്ങളിൽ പോയിനിന്ന് പണിയെടുക്കുന്നതിൽ വിമുഖരാണെന്നുള്ളതാണ് ഇതിനു കാരണം. തൊഴിലാളിസ്ത്രീകളെ പ്പറ്റിയും ഇതുതന്നെ പറയാം. ചില്ലറ വിൽപ്പനകേന്ദ്രങ്ങളിൽ പരമ്പരാഗതരീതിയിൽ മീൻകച്ചവടം നടത്താൻ വളരെ കുറച്ച് യുവതികൾ മാത്രമേ സന്നദ്ധരാവുന്നുള്ളൂ; ഫാക്ടറികളിൽ പോയി മീനിന്റെ തോലുപൊളിക്കാനും അവർക്കിഷ്ടമില്ല. ഇത്തരം സ്ഥാപനങ്ങൾ കുടിയേറ്റക്കാരായ തൊഴിലാളിസ്ത്രീകളുടെ സരണിയാവുകയാണ്. മത്സ്യബന്ധനമേഖലയിലെ ജോലിക്കാര്യത്തിൽ ഉണ്ടാകുന്ന ഇത്തരം മാറ്റങ്ങളെക്കുറിച്ചും, മറുനാട്ടുത്തൊഴിലാളികൾക്ക് കേരളത്തിലെ മത്സ്യബന്ധനസമ്പദ്‌വ്യവസ്ഥയിലുള്ള പങ്കിനെക്കുറിച്ചും ഗഹനമായ പഠനങ്ങൾ ആവശ്യമാണ്.

9. മത്സ്യത്തൊഴിലാളികൾക്ക് സാമൂഹികസുരക്ഷ ഏർപ്പെടുത്തിയ ആദ്യസംസ്ഥാനം കേരളമാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃക കാണിച്ചു. കൂടുതൽ കൂടുതൽ ജനവിഭാഗങ്ങളെ സാമൂഹികസുരക്ഷാവലയത്തിനുള്ളിൽ കൊണ്ടുവരാനും സാമൂഹികസുരക്ഷ സാർവത്രികമാക്കാനുമുള്ള ആവശ്യം കേരളത്തിൽ ശക്തിപ്പെടുന്നുണ്ട്. മത്സ്യബന്ധനമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളിവിഭാഗങ്ങളുടെ ഘടനയിൽ വരുന്ന മാറ്റം പരമ്പരാഗതമത്സ്യത്തൊഴിലാളിസമൂഹങ്ങളിൽ ഉത്കണ്ഠയുളവാക്കുന്നുണ്ട്-വിശേഷിച്ചും, ഇപ്പോഴും മീൻ പിടിക്കാൻ പോകുന്ന കൂട്ടർക്കിടയിൽ. എല്ലാ സാമൂഹികസുരക്ഷാനുകൂല്യങ്ങളുടെ കാര്യത്തിലും, ഭാവിയിൽ അവരെയും ഈ മേഖലയിൽ ജോലി ചെയ്യുന്ന മറ്റ് (മറുനാട്ടു) തൊഴിലാളികൾക്ക് ഒപ്പമായിരിക്കും പരിഗണിക്കുകയെന്ന ഭയം അവർക്കുണ്ട്. സാമൂഹികസുരക്ഷാകാര്യങ്ങളിൽ, കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് സവിശേഷവും വിവേചനപൂർവകവുമായ പരിഗണനകളിൽ മുൻഗണ നൽകണമെന്ന മനോവികാരം മാനിച്ചേ തീരൂ. ഉയർന്ന ഇൻഷുറൻസ് പരിരക്ഷ, കുട്ടികളുടെ ഉന്നതവിദ്യാഭ്യാസം, ഭവനനിർമ്മാണം, സാങ്കേതികവൈദഗ്ധ്യം മെച്ചപ്പെടുത്തൽ എന്നിത്യാദി കാര്യങ്ങളിൽ അവരുടെയിടയിലുള്ള മീൻപിടിത്തക്കാർക്ക് പ്രഥമപരിഗണന നൽകണം. ക്ഷേമനിധിയിലേയ്ക്ക് ഓരോരുത്തരും എത്രകാലം സംഭാവനനൽകി എന്നുനോക്കി അവരുടെയിടയിലെ മുൻഗണനാക്രമം നിശ്ചയിക്കാം.

10. മത്സ്യബന്ധനമേഖലയിലുള്ള പലതരം പ്രവർത്തനങ്ങൾ തമ്മിൽ, സാമൂഹികസുരക്ഷാവകാശത്തിന്റെ കാര്യത്തിൽ വിവേചനം പാടുണ്ടോ എന്നതാണ് ഉയർന്നുവരുന്ന മറ്റൊരു ചോദ്യം. മീൻപിടിത്തവും ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളും താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതൽ പ്രസക്തമാവുന്നു. കടലിൽ പോയി മീൻ പിടിക്കുന്നത് ലോകത്തിലെ ഏറ്റവും അപകടം പിടിച്ച പണികളിലൊന്നാണ്. മീൻപിടിത്തക്കാരൻ നേരിടുന്ന പ്രതികൂലസാഹചര്യങ്ങൾ, മത്സ്യബന്ധനമേഖലയിൽ ഒട്ടാകെയുള്ള മറ്റേത് ജോലിക്കാരും നേരിടുന്നവ

യെക്കാൾ ഗുണപരമായി തുലോം വ്യത്യസ്തമാണ്. പുറമേ, മത്സ്യബന്ധനശൃംഖലയിൽ പിന്നീട് വരുന്ന എല്ലാ പ്രവർത്തനങ്ങളും ആവിർഭവിക്കുന്നത് മീൻപിടിക്കുന്നയാളിൽനിന്നാണ്. ഈ സാഹചര്യത്തിൽ, സാമൂഹികസുരക്ഷാനടപടികളുടെ കാര്യത്തിൽ മീൻപിടിക്കുന്നവർക്ക് സവിശേഷശ്രദ്ധ നൽകണമോ എന്ന കാര്യം ഗൗരവാവഹമായ പരിഗണന അർഹിക്കുന്നു. കേരളീയരെന്നോ അന്യസംസ്ഥാനക്കാരെന്നോ ഉള്ള വിവേചനം ഇവിടെ പാടില്ല.

11. മുതലാളിത്തവ്യവസ്ഥിതിയിലെ മുതലാളി-തൊഴിലാളി ബന്ധത്തിൽ അധിഷ്ഠിതമായ , സാമൂഹികസുരക്ഷയ്ക്കുള്ള ത്രികക്ഷിസംവിധാനം കൂടുതൽ കൂടുതൽ അപ്രസക്തമായിക്കൊണ്ടിരിക്കുകയാണ്. നേരേമറിച്ച്, മത്സ്യബന്ധനമേഖലയിലെ സമ്പത്ത് തൊഴിലാളികളെ 'ചൂഷണം' ചെയ്തുമാത്രമല്ല, പരിമിതവും അനുദിനം കുറഞ്ഞുകൊണ്ടുമിരിക്കുന്ന പ്രകൃതിവിഭവങ്ങൾ 'ചൂഷണം' ചെയ്തും കൂടിയാണ് ഉണ്ടാക്കുന്നതെന്ന അവബോധം ആഗോളതലത്തിലും പ്രാദേശികതലത്തിലും ശക്തിപ്പെട്ടുവരികയാണ്.

12. മലിനീകരണം പൊതുജനങ്ങളെ ബാധിക്കുന്ന ബാഹ്യഘടകമായതുകൊണ്ട്, പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റങ്ങൾക്ക് മലിനീകരണ നികുതി (pollusion tax) സ്വീകാര്യമാണെങ്കിൽ പ്രകൃതിയിൽ നിന്നെടുക്കുന്ന വിഭവങ്ങളുപയോഗിച്ച് സൃഷ്ടിക്കുന്ന വരുമാനത്തിനും ലാഭത്തിനും ആനുപാതികമായി ചുമത്തുന്ന പ്രകൃതിവിഭവചൂഷണനികുതി (Natural Resourses Extraction Tax) അന്യായമല്ല. പ്രാഥമിക ഉത്പാദകരും കച്ചവട മുതലാളിമാരും വ്യവസായ മുതലാളിമാരും ഈ നികുതി നൽകണം. മത്സ്യത്തൊഴിലാളികൾ ഇപ്പോൾ അടയ്ക്കുന്ന ക്ഷേമനിധിവിഹിതം വിഭവനികുതിയായി ഒരുപക്ഷേ, പുനർനിർവചിക്കേണ്ടിവരും; അതേരീതിയിൽ, കച്ചവട മുതലാളിമാരുടെ വിറ്റുവരവിന്റെയും ലാഭത്തിന്റെയും ഏതെങ്കിലും ഒന്നിന്റെ മേലോ അല്ലെങ്കിൽ രണ്ടിന്റെയും മേലോ ആനുപാതികമായി നികുതി ചുമത്താവുന്നതാണ്.

സാമൂഹ്യസുരക്ഷാനിധികളുടെ മൂല്യനിർണ്ണയം

13. കേരളത്തിൽ സാമൂഹികസുരക്ഷാനിധികൾ ത്രികക്ഷിയടിസ്ഥാനത്തിലാണ് വിഭാവനം ചെയ്യപ്പെട്ടിരുന്നത് - തൊഴിൽദാതാക്കളും തൊഴിലാളികളും ഗവൺമെന്റും നിധിയിലേയ്ക്ക് ഉചിതമായ വിഹിതം അടയ്ക്കുന്നു. അത്തരമൊരു സംവിധാനം തന്നെയാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിനും വിഭാവനം ചെയ്തിരുന്നത്; 1998 വരെ അങ്ങനെയാണ് അത് പ്രവർത്തിച്ചിരുന്നതും. അതിനുശേഷം കോടതികളുടെ വിമർശനം മൂലം തൊഴിൽദാതാക്കളുടെ (ഇവിടെ കയറ്റുമതിക്കാരെപ്പോലെയുള്ള മത്സ്യവ്യാപാരികൾ) വിഹിതം നിലച്ചു. ഇന്നിപ്പോൾ ക്ഷേമനിധിയിലേയ്ക്കുള്ള തൊഴിലാളികളുടെ വിഹിതം (7.4ശതമാനം) തൊഴിൽദാതാക്കളുടേതിനെക്കാൾ (3.8 ശതമാനം) വളരെ കൂടുതലാണ്; ബാക്കി 88.8 ശതമാനം നൽകുന്നത് ഗവൺമെന്റുമാണ്. ഈ ഏർപ്പാട് ദീർഘകാലം നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ലെന്ന കാര്യം വ്യക്തമാണ്. മത്സ്യവ്യാപാരികൾ വാരിക്കൂട്ടുന്ന വമ്പിച്ച ലാഭം വച്ചു നോക്കുമ്പോൾ ഇത് അങ്ങേയറ്റം അന്യായമാണ്. ഒരു ദ്രുത ഗണിതം നടത്തിനോക്കിയപ്പോൾ കണ്ടത്, വ്യാപാരികൾ ക്ഷേമനിധിവിഹിതം

അടയ്ക്കാത്തതുകാരണം ഉണ്ടാവുന്ന സാങ്കത്പികനഷ്ടം പ്രതിവർഷം 66 കോടി രൂപായാണ്. മത്സ്യത്തൊഴിലാളികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സാമൂഹികസുരക്ഷാനടപടികൾ എല്ലാം നിർവഹിക്കാൻ ഈ തുക മതിയാവും.

14. അതുകൊണ്ട്, ക്ഷേമനിധിയുടെ ഭാവി ഭീഷണിയിലാണ്. സുസ്ഥിരമല്ലാത്ത രീതിയിലുള്ള മീൻപിടുത്തത്തിലേർപ്പെടുന്നവർക്ക് ചുമത്തുന്ന പിഴ മറുനാട്ടുകാരായ തൊഴിലാളികൾക്കെല്ലാം രജിസ്ട്രേഷൻ ഫീസ്, തുറമുഖങ്ങളിലും ചന്തകളിലും പിരിക്കുന്ന ഉപഭോക്തൃനികുതിയുടെ ഒരോഹരി, നീലസമ്പദ്‌വ്യവസ്ഥയിൽ നിക്ഷേപങ്ങൾ നടത്താൻ സാധ്യതയുള്ളവരുടെ സംഭാവനകൾ - ഇത്തരം ധനാഗമമാർഗ്ഗങ്ങളുടെ സാധ്യതകൾ ആരായേണ്ടതാണ്. ക്ഷേമനിധിയിലേയ്ക്ക് ധനസമാഹരണം നടത്താൻ പറ്റുന്ന മറ്റ് സ്രോതസ്സുകൾ കണ്ടുപിടിക്കാനുള്ള ഹ്രസ്വകാലനടപടികൾ സത്വരം കൈക്കൊള്ളണം.

15. മത്സ്യത്തൊഴിലാളികൾക്കു നൽകുന്ന സാമൂഹികസുരക്ഷാ ആനുകൂല്യങ്ങൾ 60 പദ്ധതികളായി തിരിക്കാം. ഞങ്ങൾ വിശകലനം നടത്തിയ പതിമൂന്ന് വർഷത്തിനിടയ്ക്ക്, നടപ്പ് വിലനിലവാരം അനുസരിച്ച്, മൊത്തം സാമൂഹികസുരക്ഷാ സഹായവിതരണം വർദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. 2008-09-ൽ ആകെ വിതരണം ചെയ്തത് 854 ലക്ഷം രൂപാ ആയിരുന്നു. 2020-21-ൽ ഇത് 18444 ലക്ഷമായി ഉയർന്നു - നടപ്പ് വിലനിലവാരമനുസരിച്ച് ഇരുപതിരട്ടി വർദ്ധന. 2008 മുതൽ 2020 വരെയുള്ള പതിമൂന്ന് വർഷത്തെ വിവരങ്ങൾ ശേഖരിച്ചതിൽ നിന്നുകണ്ടത്, വിവിധ സാമൂഹിക സുരക്ഷാപദ്ധതികളിലായി പ്രതിവർഷം ശരാശരി 7660 ലക്ഷം രൂപാ വിതരണം ചെയ്തു എന്നാണ്. ഇതിൽ ഗവൺമെന്റിന്റെ സംഭാവന പ്രതിവർഷം 6900 ലക്ഷം രൂപാ ആയിരുന്നു; ബോർഡ് സ്വരൂപിച്ച നിധിയിൽ നിന്ന് പ്രതിവർഷം 760 ലക്ഷം രൂപായും നൽകി. മേത്പ്പറഞ്ഞ പതിമൂന്ന് വർഷത്തിനകം, പ്രതിവർഷം ശരാശരി 5.8 ലക്ഷം വ്യക്തികൾക്ക് ഒന്നല്ലെങ്കിൽ മറ്റൊരു പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു.

16. ക്ഷേമനിധിയിൽ നിന്ന് സഹായം നൽകുന്നത് പ്രധാനമായും സാമൂഹിക സംരക്ഷണത്തിനാണ് - പെൻഷനുകൾ, പഞ്ഞക്കാല (തൊഴിലില്ലായ്മ) വേതനം, ലൈഫ് ഇൻഷുറൻസും ആരോഗ്യ ഇൻഷുറൻസും, മരണമോ അപകടങ്ങളോ ഉണ്ടാകുമ്പോൾ നൽകുന്ന ധനസഹായം എന്നീ ഇനങ്ങളിൽ. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും പേരിൽ കൊടുത്തിട്ടുള്ള തുകയുടെ 98 ശതമാനവും ഈ ഇനങ്ങളിലാണ്. ബാക്കി രണ്ടു ശതമാനം കുടുംബക്ഷേമത്തിനും (ഉദാ: പെൺമക്കളുടെ വിവാഹച്ചെലവുകൾ), ആശുപത്രികളിൽ കിടത്തിയുള്ള ചികിത്സ (ക്യാൻസർ പോലെയുള്ള രോഗങ്ങൾക്ക്) പോലെയുള്ള പ്രതിരോധപരമായ സംരക്ഷണത്തിനും പ്രോത്സാഹനപരമായ സംരക്ഷണത്തിനും (ഉദാ: വിദ്യാഭ്യാസസംബന്ധമായ ചെലവുകൾ) ആയിരുന്നു.

17. യു.എൻ.ഡി.പി. മാനദണ്ഡമനുസരിച്ച് ഒരു രാജ്യത്തെ അഭിലഷണീയമായ സാമൂഹിക സുരക്ഷാച്ചെലവ് അവിടത്തെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 5 ശതമാനമായിരിക്കുന്നതാണ് മാതൃകാപരം. ഈ മാനദണ്ഡം വച്ച് നോക്കുമ്പോൾ, 2011 മുതൽ 2021 വരെയുള്ള പതിനൊന്ന് വർഷക്കാലത്തെ ചെലവ് കുറവായിരുന്നു. ഈ കാലയളവിൽ മത്സ്യ

മേഖലയിലെ ഉത്പാദനത്തിന്റെ ഒരു ശതമാനം മാത്രമേ സാമൂഹികസുരക്ഷയ്ക്കായി ചെലവഴിച്ചുള്ളൂ. നേരത്തേയുള്ള പഠനങ്ങളനുസരിച്ച്, 1986-1998 കാലത്ത് ഇത് 1.71 ശതമാനമായിരുന്നു. അവിടെ നിന്നാണ് അത് ഒരു ശതമാനത്തിലേയ്ക്ക് താണുപോയത്. സാമൂഹികസുരക്ഷാപ്രവർത്തനങ്ങളുടെ സങ്കടകരമായ അവസ്ഥയാണിത് കാണിക്കുന്നത്. സാമ്പത്തികസഹായം ലഭിച്ച മൊത്തം ആളുകളുടെ എണ്ണം വച്ച് നോക്കുമ്പോൾ ശരാശരി ഓരോ ആളിനും ലഭിച്ച തുക ഉയർന്നിട്ടുണ്ട്. നടപ്പ് വിലനിലവാരമനുസരിച്ച് 2011-നും 2020-നും ഇടയ്ക്ക് ഇത് 963 രൂപായിൽ നിന്ന് 1304 രൂപായായി ഉയർന്നു. പക്ഷേ. പണത്തിന്റെ സ്ഥിരമൂല്യം കണക്കാക്കുമ്പോൾ, ഇത് 963-ൽ നിന്ന് 915 രൂപാ ആയി കുറയുകയായിരുന്നു! മത്സ്യമേഖലയുടെ ഉത്പാദനത്തിന് ആനുപാതികമായി സാമൂഹികസുരക്ഷാച്ചെലവിലുണ്ടായ ഇടിവും, സ്ഥിരനാണയമൂല്യം കണക്കാക്കുമ്പോൾ പ്രതിശീർഷ സഹായത്തിലുണ്ടായ ഇടിവും കാണിക്കുന്നത്, നിയമപരമായ തടസ്സങ്ങൾ മൂലം സംഭാവനകൾ പിരിച്ചെടുക്കുന്നതിനുള്ള മത്സ്യബോർഡിന്റെ കഴിവുകേടും, തടസ്സങ്ങൾ നിയമപരമായ ഇടപെടലുകളിലൂടെയും നിയമനിർമ്മാണത്തിലൂടെയും നീക്കം ചെയ്യുന്നതിനുള്ള ഗവൺമെന്റിന്റെ ഇച്ഛാശക്തിരാഹിത്യവുമാണ് കാണിക്കുന്നത്.

18. സമുദ്രമത്സ്യബന്ധനത്തെ പ്രത്യേകം പരിഗണിക്കുമ്പോൾ, പ്രതികൂല കാലാവസ്ഥ കാരണം മീൻപിടിത്തം നിരോധിക്കുന്ന ഘട്ടങ്ങളിൽ ഉണ്ടാകുന്ന 'അടിച്ചേത്പിക്കപ്പെടുന്ന തൊഴിലില്ലായ്മയ്ക്ക്' പരിഹാരം കാണാൻ ഇൻഷുറൻസ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കണം. കഴിഞ്ഞ ഏതാനും വർഷങ്ങൾ സൂചകമായെടുക്കമെങ്കിൽ, ഒരു വർഷം സാധാരണഗതിയിൽ പ്രതീക്ഷിക്കാവുന്ന 250 മീൻപിടിത്തദിനങ്ങളുടെ 30 ശതമാനം ഇങ്ങനെ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഈ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ മത്സ്യത്തൊഴിലാളികൾ മറ്റ് ഉപജീവനമാർഗ്ഗങ്ങൾ തേടിപ്പോകുന്നതിന് ഇതൊരു പ്രധാന കാരണമായിത്തീരും. (താഴെ കൊടുക്കുന്ന സമുദ്രസുരക്ഷയും ഇൻഷുറൻസും എന്ന ഭാഗം കാണുക).

മത്സ്യത്തൊഴിലാളി-പുനർനിർവചനം

19. വർക്കിംഗ് ഗ്രൂപ്പിൽ രണ്ട് വശങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഒന്ന്, തദ്ദേശീയരായാലും അന്യസംസ്ഥാനക്കാരായാലും ഒരു തൊഴിലാളിയും പുറന്തള്ളപ്പെടാതിരിക്കാൻ സാമൂഹിക സുരക്ഷ സാർവത്രികമാക്കുക. രണ്ട്, സുരക്ഷ സാർവത്രികമാക്കുന്നതിനും സാമൂഹികസുരക്ഷയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾക്കിടിയൽ, പരമ്പരാഗത സമൂഹങ്ങളിൽനിന്നുള്ള തൊഴിലാളികൾ ആനുകൂല്യങ്ങളൊന്നും നിഷേധിക്കപ്പെടാതിരിക്കാൻ സാമൂഹ്യസുരക്ഷയ്ക്കു മുൻഗണനാക്രമം നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള തൊഴിലാളിസൗഹൃദപ്രവണതയും സമ്പദ്‌വ്യവസ്ഥയുടെ എല്ലാ മേഖലകളും മറുനാട്ടുകാരെ കൂടുതൽ കൂടുതൽ ഉൾക്കൊള്ളുന്നുണ്ടെന്ന വസ്തുതയും കണക്കിലെടുക്കുമ്പോൾ, മത്സ്യബന്ധനപ്രവർത്തനങ്ങളിൽ 'മത്സ്യത്തൊഴിലാളിക'ളായി പണിയെടുക്കുന്ന കുടിയേറ്റത്തൊഴിലാളികളുടെ കണക്കെടുക്കേണ്ടതും ആവശ്യമാണ്.

20. ഗവൺമെന്റ് ആഭിമുഖ്യത്തിലുള്ള സാമൂഹികസുരക്ഷാപദ്ധതികളെപ്പറ്റി സാധാരണമായി കേൾക്കാറുള്ള ഒരു പരാതി അനർഹരായ ആളുകൾ ആനുകൂല്യങ്ങൾ അവകാശപ്പെടുന്ന

എന്നതാണ്. അത്തരം നടപടികൾ സ്വീകരിക്കുന്ന എല്ലാവരും അഴിമതി നടത്തുകയാണെന്ന നിഗമനത്തിലെത്തുന്നത് കഠിനമായിരിക്കും. തെറ്റുകൾ തിരുത്തി യഥാർത്ഥ അവകാശികൾ മാത്രമേ പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്താൻ വേണ്ടി മത്സ്യ ബോർഡ് ഈയിടെ ഒരു സർവേ നടത്തി. ഉൾനാടൻ മത്സ്യത്തൊഴിലാളികളെന്ന് അവകാശപ്പെടുന്നവരുടെ ഇടയിലാണ് (34 ശതമാനം) സമുദ്ര മത്സ്യത്തൊഴിലാളികളെന്ന് അവകാശപ്പെടുന്നവരുടെയിടയിൽ (18 ശതമാനം മാത്രം) ഉള്ളതിനെക്കാൾ വ്യാജ രജിസ്ട്രേഷൻ പ്രകടമായിട്ടുള്ളതെന്നാണ് കണ്ടെത്തൽ. യഥാർത്ഥത്തിൽ ഉള്ളതിലധികം ആളുകൾ പട്ടികയിൽ കയറിക്കൂടുന്ന എന്ന പ്രശ്നത്തിനപ്പുറം കെ.എസ്.എഫ്.ഡബ്ലിയു. എഫ്.ബി.യുടെ കീഴിൽ മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും രജിസ്റ്റർ ചെയ്യുന്നതിന് കൂടുതൽ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സർവേഫലം ഉയർത്തിക്കാട്ടുന്നത്.

21. ഏത് മത്സ്യബന്ധനമേഖലയുടെയും അനിവാര്യഭാഗമാണ് ദേശാടനം. രണ്ടായിരാമാണ്ടിനു ശേഷം ദേശാടനത്തിന്റെയും ദേശാടകരുടെയും സ്വഭാവം ഗണ്യമായി മാറിയിരിക്കുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഉദാരീകരണം സൃഷ്ടിച്ചിട്ടുള്ള വിശാലമായ പ്രതിഭാസത്തിന്റെ ഭാഗമായി വിന്ധ്യനു വടക്കുനിന്നുള്ള ദേശാടകത്തൊഴിലാലികളുടെ ഒഴുക്ക് പുതിയൊരു അവസ്ഥാവിശേഷം സൃഷ്ടിച്ചിട്ടുണ്ട്. അത് മത്സ്യബന്ധന മേഖലയെയും സ്വാധീനിച്ചിട്ടുണ്ട്. ഭംഗിവാക്കായി അതിഥിത്തൊഴിലാളികൾ എന്നു വിളിക്കപ്പെടുന്ന ഈ തൊഴിലാളികൾ അധികം വൈദഗ്ധ്യം ആവശ്യമില്ലാത്ത യന്ത്രവത്കൃത മത്സ്യബന്ധനമേഖലയിൽ കയറിപ്പറ്റിയിട്ടുണ്ട്. ഗവൺമെന്റ് വ്യവസ്ഥകൾക്കു വിപരീതമായി "ഈ അതിഥി തൊഴിലാളികൾ" അവരുടെ പേര് രജിസ്റ്റർ ചെയ്യാറില്ല. എന്നിരുന്നാലും ഈ മറുനാട്ടുതൊഴിലാളികളുടെ മനുഷ്യാവകാശത്തിന്റെ നേരേ നമുക്ക് കണ്ണടയ്ക്കാൻ കഴിയുകയില്ല. തൊഴിലാളിവർഗ്ഗ ക്ഷേമത്തിലും സാമൂഹിക സുരക്ഷയിലും അഭിമാനം കൊള്ളുന്ന ഒരു സംസ്ഥാനത്ത്, അവരുടെ സുരക്ഷിതത്വവും സാമൂഹികസുരക്ഷയും ഉറപ്പ് വരുത്തുന്ന നീതിപൂർവകമായ ഒരു വ്യവസ്ഥ ഉണ്ടായിരിക്കണം.

22. കേന്ദ്ര തൊഴിൽ-തൊഴിൽദാന മന്ത്രാലയത്തിന്റെ ഇ-ശ്രം ((E-Shram) സൈറ്റിൽ മറുനാടൻ തൊഴിലാളികൾക്ക് പേര് രജിസ്റ്റർ ചെയ്യാം. അസംഘടിതമേഖലയിലുള്ള എല്ലാ തൊഴിലാളികളുടെയും കേന്ദ്രീകൃത വിവരശേഖരം തയ്യാറാക്കി ആധാറുമായി ബന്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഒരു രജിസ്ട്രേഷൻ സംവിധാനത്തിൽ മറുനാട്ടുതൊഴിലാളിയുടെ പദവിയും അയാൾ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നാണോ അതോ മറ്റേതെങ്കിലും സമൂഹത്തിൽ നിന്നാണോ വരുന്നത്, സ്വന്തം സംസ്ഥാനത്ത് അയാൾക്ക് സാമൂഹിക സംരക്ഷണത്തിനർഹതയുണ്ടോ എന്നുള്ള വിവരവും രേഖപ്പെടുത്തണം. മരണാനന്തരം സ്വത്തിന് അവകാശിയായി നാമനിർദ്ദേശം ചെയ്തവരെപ്പറ്റി അല്ലെങ്കിൽ നിയമാനുസൃതമായ അനന്തരാവകാശികളെപ്പറ്റി ആവശ്യമായരേഖകൾ സഹിതം ഇവർക്ക് അപകട ഇൻഷുറൻസും ലൈഫ് ഇൻഷുറൻസും ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കേണ്ടതാണ്. വ്യാപാര തുറമുഖങ്ങളിൽ സീഫെയറേഴ്സ് അസോസിയേഷൻ നൽകുന്നതുപോലെ മറുനാട്ടുതൊഴിലാളികൾക്ക് തീരപ്രദേശത്ത് താമസത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

മത്സ്യബന്ധനം ഉത്തരവാദിത്വബോധത്തോടെ

23. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഇപ്പോൾ മീൻ പിടിക്കുന്നത് സുസ്ഥിരമല്ലാത്ത രീതിയിലാണ്. ഈ വസ്തുത അവരുടെ ഇടയിലും വ്യാപകമായ അംഗീകാരം നേടിവരുന്നുണ്ട്. കടലിലെ യാനങ്ങളുടെ എണ്ണവും മത്സ്യബന്ധനോപകരണങ്ങൾക്കുവേണ്ടിയുള്ള വർദ്ധമാനമായ മുതൽമുടക്കം കുറച്ചുകൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഇന്നൊരു അംഗീകൃതവസ്തുതയാണ്. ആദ്യ നടപടി ആരെടുക്കും? ഗവൺമെന്റോ സമൂഹമോ എന്നതുമാത്രമാണ് അവശേഷിക്കുന്ന ചോദ്യം. ഈ ന്യൂനീകരണം ന്യായമായ രീതിയിൽ എങ്ങനെ നടപ്പാക്കാം എന്നതിനെക്കുറിച്ച് ഗവൺമെന്റും ചെറുകിട മീൻപിടുത്തക്കാരുടെ യൂണിയനുകളും സ്ത്രീത്തൊഴിലാളികളുടെ യൂണിയനുകളും യന്ത്രവത്കൃതയാനങ്ങളുടെ ഉടമസ്ഥരുടെ സംഘടനകളും തമ്മിൽ അടിയന്തരമായി ചർച്ച നടത്തേണ്ടിയിരിക്കുന്നു.

24. സുസ്ഥിരമല്ലാത്ത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിലെ ചില അംഗങ്ങൾ മുന്നോട്ടുവച്ച ചില നിർദ്ദേശങ്ങൾ ഇവയാണ്: യന്ത്രവത്കൃത ബോട്ടുകളുടെയും റിംഗ് സീൽ വലകളുടെയും എണ്ണം ഉടനടി മരവിപ്പിക്കുകയും പുതിയ ലൈസൻസുകൾ നൽകാതിരിക്കുകയും ചെയ്യുക; 'ഒരാൾക്ക് ഒരു യാനം' നയം നടപ്പാക്കുക. മത്സ്യബന്ധനയാനങ്ങളുടെ നീളത്തിനും അവയിലുപയോഗിക്കുന്ന ഔട്ട്ബോർഡ് യന്ത്രങ്ങളുടെ പരമാവധി ശക്തിക്ക് പരിധി നിർണ്ണയിക്കുക. സുസ്ഥിരമായ മീൻപിടിത്തത്തിന് ഏറ്റവും അഭിലഷണീയവും അനുയോജ്യവുമായ യാനങ്ങളുടെ തരവും എണ്ണവും അടിസ്ഥാനമാക്കി, സംസ്ഥാനത്ത് ഉപയോഗിക്കാവുന്ന മൊത്തം കുതിരശക്തിക്ക് പരിധി നിശ്ചയിക്കുക; മത്സ്യബന്ധത്തിനുവേണ്ടിയുള്ള തുറമുഖങ്ങൾ പോലെയുള്ള അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം നിറുത്തിവയ്ക്കുക; മീൻ വളത്തിന്റെ അനിയന്ത്രിതമായ ഉപയോഗം പ്രകൃതിവിഭവങ്ങൾക്ക് ഹാനികരമാണെങ്കിൽ ആ വ്യവസായത്തിന് നിയന്ത്രണങ്ങൾ കൊണ്ടുവരിക. തത്പരകക്ഷികളുടെയെല്ലാം പങ്കാളിത്തത്തോടെ അക്വേറിയം റിഫോംസ് കമ്മിറ്റിയുടെ പ്രവർത്തനം ഗവൺമെന്റ് പുനരുജ്ജീവിപ്പിക്കണം.

25. മത്സ്യബന്ധനമേഖല കൂടുതൽ കാർബൺ സന്തുലിതമാക്കുന്നതിനുവേണ്ടി പുതിയ ഹരിത നിക്ഷേപസാദ്ധ്യത സത്വരം പരിശോധിക്കണം. അത്തരം മുതൽമുടക്കുകളും കടൽ മത്സ്യബന്ധന പരിഷ്കരണ സംരംഭങ്ങളും കൂടി സമന്വയിക്കുമ്പോൾ മത്സ്യബന്ധനത്തിന്റെ പ്രവർത്തനച്ചെലവ് ഗണ്യമായി കുറയുകയും അതിൽ നിന്നുള്ള വരുമാനം വർദ്ധിക്കുകയും ചെയ്യും. സമൂഹത്തിന്റെ പങ്കാളിത്തത്തോടെയുള്ള ഹരിതവത്ക്കരണ സംരംഭങ്ങൾക്കും സാദ്ധ്യതയുണ്ട്. സൗരോർജ്ജ (Solar energy)വും സമീരോർജ്ജ (wind energy) വും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഔട്ട് ബോർഡ് മോട്ടോറുകളും മറ്റ് യന്ത്രങ്ങളും അടക്കമുള്ള മത്സ്യബന്ധനോപകരണങ്ങളിൽ മുതൽ മുടക്കാൻ പൊതു സ്വകാര്യ മേഖല പങ്കാളിത്തമുള്ള സ്ഥാപനങ്ങൾക്കുള്ള സാദ്ധ്യത പരിശോധിക്കണം. അന്താരാഷ്ട്ര ധനസഹായ സ്ഥാപനങ്ങളും ബാങ്കുകളും ഗ്രീൻ ഹൗസ് വാതകോദ്വമനം കുറയ്ക്കാൻ സാമ്പത്തികസഹായം നൽകുന്ന പുതിയ സംവിധാനങ്ങളും പങ്കാളികളാവാൻ സാദ്ധ്യതയുള്ള സരണികളുമുണ്ട്.

കടൽ സുരക്ഷയും ഇൻഷ്വറൻസും

26. കടുത്ത കാലാവസ്ഥാമാറ്റം മൂലമുണ്ടായ അനേകം അസാധാരണ വിപത്തുകൾ നേരിട്ട മത്സ്യത്തൊഴിലാളി സമൂഹത്തിനും ഗവൺമെന്റിനും പൊതുസമൂഹത്തിനും കടലിൽ പതിയിരിക്കുന്ന പ്രവചനാതീതമായ ആസന്നവിപത്തുകളെപ്പറ്റി തീവ്രബോധമുണ്ട്. കടലിൽ അപകടങ്ങൾ കൂടിക്കൂടി വരികയാണ്. ഇവയിൽ പലതും തീരത്തോട് അടുത്താണ് ഉണ്ടാകുന്നത്; തീരദേശത്തെ അശാസ്ത്രീയ നിർമ്മാണങ്ങളാണ് ഇവയ്ക്ക് ഉത്തേജനമാകുന്നത്. കടലപകടങ്ങളിത്പ്പെടുന്നവരെ രക്ഷപെടുത്താനുള്ള സത്വരശ്രദ്ധ അനിവാര്യമാണ്. കാറ്റിനെക്കുറിച്ചും അന്തരീക്ഷത്തിലെ മറ്റ് ഘടകങ്ങളുടെ സ്ഥിതിഗതികളെക്കുറിച്ചും തിരമാലകളുടെ ഉയരം തുടങ്ങിയ വിശദാംശങ്ങളെക്കുറിച്ചും സത്വരവും വിശ്വസനീയവുമായ തത്ക്ഷണവിവരങ്ങൾ നിർണായകമാണ്. തീരദേശങ്ങളുമായി ബന്ധപ്പെടാനുള്ള ആശയവിനിമയമാർഗ്ഗങ്ങൾ വിശ്വസിക്കാവുന്നതാണെന്ന് ഉറപ്പ് വരുത്തണം. കടലിൽ പോകുന്ന മീൻപിടിത്തക്കാരുടെ ജീവൻ അപകടത്തിൽ എന്ന സന്ദേശം (എസ്.ഒ.എസ്.) ശുഷ്കാന്തിയോടെ വിനാവിളംബം സ്വീകരിക്കപ്പെടുമെന്നും സത്വരം രക്ഷാപ്രവർത്തനം ആരംഭിക്കുമെന്നും ഉറപ്പാക്കണം. അംഗീകൃത സാമൂഹിക പങ്കാളിത്തത്തോടെ മാത്രമേ ഇതെല്ലാം സാധിതപ്രായമാവുകയുള്ളൂ. രക്ഷാകേന്ദ്രസമിതികളുടെ ഒരു ശൃംഖല സൃഷ്ടിക്കണം. ഈ കേന്ദ്രങ്ങളുടെ പരിപാലനവും ഭരണവും സ്വാഭാവികമായി പരിണമിച്ച് വരാൻ അനുവദിക്കേണ്ടതാണ്. പക്ഷേ അത് ഗവൺമെന്റും (ഫിഷറീസ് ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ, സാഗർമിത്ര, തീരദേശ വാർഡിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി) സമൂഹവും (ജനങ്ങളുടെ തീരുമാനപ്രകാരം) യോജിച്ച് തീരുമാനിക്കുന്ന സമഗ്രാധിപത്യമുള്ള ഒരു ചട്ടക്കൂടിനുള്ളിലായിരിക്കണം. ഈ സമിതികളിൽ സക്രിയമായി മീൻപിടിത്തത്തിൽ ഏർപ്പെടുന്നവരുടെയും പരിശീലനം സിദ്ധിച്ച യുവാക്കളുടെയും സ്ത്രീകളുടെയും പങ്കാളിത്തം ഉറപ്പാക്കണം.

27. കേരളത്തിൽ 1800 ലക്ഷം രൂപാ വിലയുള്ള മൂന്ന് സമുദ്ര ആംബുലൻസുകളുണ്ട്. മറ്റ സംസ്ഥാനങ്ങളിലൊന്നും ഇല്ലാത്തത്. ഇവയുടെ പ്രവർത്തനച്ചെലവ് പ്രതിദിനം 20,000 രൂപായാണ്. വലിയ യാനങ്ങൾ ഉപയോഗിക്കുന്ന ഇത്തരത്തിലുള്ള ചെലവേറിയ കേന്ദ്രീകൃത സമീപനത്തിനു പകരം കടലിൽ അപകടത്തിത്പ്പെടുന്നവരെ രക്ഷപെടുത്താൻ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ (ഡ്രോണുകൾ, വിദൂരനിയന്ത്രിതവും മുങ്ങിപ്പോകാത്തതുമായ ഉപകരണങ്ങൾ മുതലായവ) മത്സ്യത്തൊഴിലാളികളുടെ നൈപുണ്യവും അറിവും ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന വികേന്ദ്രീകൃത സമ്പ്രദായം വരണം. പൊതു സ്വകാര്യ മേഖലാ സഹകരണവും സാമ്പത്തിക സഹായവും അനായാസം ലഭിക്കാവുന്ന മറ്റൊരു മേഖല കൂടിയാണിത്. അതുകൊണ്ട് കടലിൽ അപകടത്തിൽ കുടുങ്ങുന്നവരെ രക്ഷപെടുത്താനുള്ള സംവിധാനങ്ങൾ പരിഷ്കരിക്കാനുള്ള സാദ്ധ്യതകൾ ഗൗരവതരമായി പുനഃപരിശോധിക്കണം. രക്ഷാപ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ വേണ്ടിവരുന്ന പ്രതിസ്പന്ദനസമയം ഇന്നുള്ളതിൽനിന്ന് കുറച്ചുകൊണ്ടുവരണം. ഇതിനുവേണ്ടി ചെറുതും കടപ്പുറത്തെ താവളങ്ങളിൽനിന്ന് പെട്ടെന്ന് പുറപ്പെടാവുന്നതും തീരദേശസമൂഹങ്ങളുടെ പങ്കാളിത്തത്തോടെ പ്രവർത്തിപ്പിക്കാവുന്നതുമായ പരിഷ്കരിച്ച ഉപകരണങ്ങൾക്ക് മുൻഗണന നൽകണം.

28. നാവികസേനയിലെ രക്ഷാവിദഗ്ദ്ധരുടെയും യു.എ.വി.-ഐ.സി.റ്റി. സാങ്കേതിക വിദഗ്ദ്ധരുടെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കടലിലെ രക്ഷാപ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട പ്രകടനം നടത്തിയിട്ടുള്ള മത്സ്യത്തൊഴിലാളി പ്രതിനിധികളുടെയും ഒരു യോഗം വിളിക്കണമെന്ന് സി.ഐ.എഫ്.റ്റി (സിഫ്റ്റ്), സി.ഐ.എഫ്.എൻ.ഇ.റ്റി (സിഫ് നെറ്റ്) തുടങ്ങിയ കേന്ദ്ര മത്സ്യ ബന്ധനസ്ഥാപനങ്ങളോട് സംസ്ഥാനം അഭ്യർത്ഥിക്കണം. കടലിൽ രക്ഷാപ്രവർത്തനങ്ങൾ ആവശ്യമായിവരുന്ന വ്യത്യസ്ത സാഹചര്യങ്ങളും വിവിധ സമീപനങ്ങളുടെ ഗുണദോഷങ്ങളും ചർച്ച ചെയ്യാൻ ഈ യോഗത്തിനു കഴിയും. ഈ പര്യാലോചനയെ തുടർന്ന് മുകളിൽ പറഞ്ഞ വിധത്തിലുള്ള ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്ന ഉപകരണങ്ങൾ പരിഷ്കരിക്കാൻ കഴിയുന്ന ഒരു കർമ്മസമിതി രൂപീകരിക്കുക. അപകടങ്ങളുണ്ടായാൽ എപ്പോഴും ആദ്യം പ്രതികരിക്കുന്നത് സമൂഹത്തിന്റെ ഉടമസ്ഥതയിലുള്ള മത്സ്യ ബന്ധന യാനങ്ങളാണ്. അവയുടെ പങ്കാളിത്തത്തോടുകൂടി വേണം ഇത്തരം ഉപകരണം ഉപയോഗിക്കാൻ. ഏറ്റവും പുതിയ സാങ്കേതികവിദ്യകളും സമൂഹത്തിന്റെ നൈപുണ്യവും ഉത്തരവാദിത്വബോധവും കൂട്ടിച്ചേർക്കുന്നതാണ് കടൽ രക്ഷാപ്രവർത്തനങ്ങളോടുള്ള ശരിയായ സമീപനം. പ്രതിസന്ധിഘട്ടങ്ങളിൽ സമൂഹത്തിന്റെ വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുന്നതിലാണ് വിജയത്തിന്റെ ഉറപ്പ്. അതിനു ഉത്തേജനം നൽകാൻ ദീപസ്തംഭ ശൃംഖല പോലെയുള്ള നിലവിലുള്ള സൗകര്യങ്ങളും ആധുനിക സാങ്കേതിക വിദ്യകളും കൂട്ടിയിണക്കി പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾ കെട്ടിപ്പടുക്കണം.

29. കാലാവസ്ഥാവകുപ്പിന്റെ ആജ്ഞപ്രകാരം ഏറ്റവും കൂടുതൽ തൊഴിൽദിനങ്ങൾ നഷ്ടപ്പെടുത്തുന്നത് കേരളത്തിലെ സമുദ്രമത്സ്യത്തൊഴിലാളികൾക്കാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പ്രതിവർഷം 60 ദിവസങ്ങളാണ് നഷ്ടപ്പെട്ടത്. ഏറ്റവും കുറഞ്ഞ കൂലി 600 രൂപായെന്ന് കണക്കാക്കിയാൽ പ്രതിവർഷം ഉണ്ടാകുന്ന ആകെ നഷ്ടം 360 കോടി രൂപായുടേതാണ്. ഈ നഷ്ടം ഏതെങ്കിലും മാർഗ്ഗങ്ങളിലൂടെ നികത്തിക്കൊടുക്കണം. സാമൂഹികസുരക്ഷാ വേതനം നേരിട്ട് നൽകുന്നത് സുസ്ഥിരമായിരിക്കുകയില്ല. കാലാവസ്ഥാ സൂചകങ്ങൾ ആസ്പദമാക്കി അപകടസാദ്ധ്യതാ ഇൻഷ്വറൻസ് എന്നൊരു പുതിയതും പരിഷ്കൃതവുമായ സംവിധാനം ഭക്ഷ്യ-കൃഷിസംഘടനയും ഐക്യരാഷ്ട്രസഭയും ചേർന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച്, അപകടകരമായ കാലാവസ്ഥാമാറ്റങ്ങളോ ആപത്തുകളോ ഉണ്ടാകുമ്പോൾ, മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സൂചകമനുസരിച്ച് (ഉദാ-മഴയുടെ അളവ്, കാറ്റിന്റെ വേഗം) തൊഴിൽ നഷ്ടവും ആസ്തികളുടെ നഷ്ടവും നികത്തിക്കൊടുക്കാം. അപകടങ്ങൾ പിണയുമ്പോൾ നഷ്ടം എത്രയെന്നും ആർക്കൊക്കെയെന്നും വിലയിരുത്താൻ വലിയ സംഘങ്ങളെ അയയ്ക്കേണ്ടതില്ല. അതുകൊണ്ട് ആപത്തുകൾ ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകുന്നതിന് അപകടസാധ്യതാ ഇൻഷ്വറൻസ് വലിയൊരു പങ്ക് വഹിക്കുമെന്ന് ഉറപ്പാണ്. ആപത്തുകൾ പിണയുമ്പോൾ ലഭിക്കുന്ന ആയിരക്കണക്കിന് അവകാശവാദങ്ങൾ വിലയിരുത്താൻ ഏറെ സമയവും പണച്ചെലവും വേണ്ടിവരുന്നുണ്ട്. കാലാവസ്ഥാസൂചന ഇൻഷ്വറൻസ് വന്നാൽ അതിന്റെ ആവശ്യമില്ല. അപകടത്തിനു കാരണമായ കാലാവസ്ഥാമാറ്റം മാത്രം പരിശോധിച്ച് ഇൻഷ്വറൻസ് തുക വിതരണം ചെയ്യാം. കാലാവസ്ഥയിലെ തകിടംമറിച്ചിൽ കാരണം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന അടിച്ചേൽപ്പിക്കപ്പെടുന്ന തൊഴിൽനഷ്ടം പെരുകിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കാലാവസ്ഥാസൂചിക ഇൻഷ്വറൻസിന്റെ ഉത്പന്നങ്ങൾ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് കേരള ഗവൺമെന്റ് - മറ്റ്

സംസ്ഥാന ഗവൺമെന്റുകളുമായി യോജിച്ചാണെങ്കിൽ ഏറ്റവും ഉത്തമം - കേന്ദ്ര ഗവൺമെന്റുമായും ലോകബാങ്ക്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് തുടങ്ങിയ അന്താരാഷ്ട്ര ബാങ്കുകളുമായും പ്രാഥമിക കൂടിയാലോചനകൾ നടത്തണം.

30. മത്സ്യബന്ധനയാസ്തികൾക്കുള്ള ഇപ്പോഴത്തെ ഇൻഷുറൻസ് പദ്ധതികളിൽ വളരെ ഉയർന്ന പ്രീമിയമാണുള്ളത്. അവയുടെ പ്രവർത്തനവ്യവസ്ഥകൾ വളരെ കർക്കശവുമാണ്. ഭാഗികമോ പൂർണമോ ആയ നഷ്ടങ്ങൾ നികത്തുന്നതിനുള്ള മത്സ്യബന്ധയാസ്തി ഇൻഷുറൻസിനെക്കുറിച്ച് ആലോചിക്കണം. വരുമാനത്തിൽ ഏറ്റക്കുറച്ചിലുകളുള്ള മത്സ്യത്തൊഴിലാളികൾക്ക് അവരുടെ അസ്ഥിരവരുമാനവുമായി ഇണക്കിയിട്ടുള്ള പ്രീമിയം സൗകര്യപ്രദമായിരിക്കും. ലഘു വായ്പാപദ്ധതികളും സമ്പാദ്യപദ്ധതികളും ഇൻഷുറൻസ് ഉത്പന്നങ്ങളുമായി കൂട്ടിക്കെട്ടാൻ താഴെ നിന്ന് ആരംഭിക്കുന്ന ഉദ്യമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. മത്സ്യബന്ധനയാസ്തികൾ ഇൻഷുർ ചെയ്യാൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ആവിഷ്കരിച്ച പ്രത്യേക ഉത്പന്നങ്ങൾ പുറത്തിറക്കാൻ ഇൻഷുറൻസ് കമ്പനികളെ പ്രേരിപ്പിക്കാൻ കേന്ദ്ര ഗവണ്മെന്റും സംസ്ഥാന ഗവൺമെന്റും സംയുക്തമായി മുൻകൈ എടുക്കണം.

31. അറുപതുവയസ്സു കഴിഞ്ഞിട്ടും മീൻപിടിത്തത്തിൽ ഏർപ്പെടുന്നവർക്ക് ഇൻഷുറൻസ് ഇല്ലാത്തതാണ് മത്സ്യത്തൊഴിലാളികളിൽ ഉത്കണ്ഠ ഉളവാക്കുന്ന ഒരു കാര്യം. പ്രായമായ പല മീൻപിടിത്തക്കാർക്കും ഇപ്പോഴും ആരോഗ്യമുണ്ട്. മീൻപിടിത്തത്തിൽ അവർ സജീവവുമാണ്. അവരുടെ അറിവും നൈപുണ്യവും ഇപ്പോഴും സമൂഹത്തിന് ആവശ്യമുള്ളതാണ്. പക്ഷേ അവരിലാരെങ്കിലും കടലിൽ വച്ച് അപകടത്തിത്പ്പെടുകയോ മരിക്കുകയോ ചെയ്താൽ അവർക്ക് ഇൻഷുറൻസിന് അർഹതയില്ല. ആയുർദൈർഘ്യം കൂടുന്നതിനനുസരിച്ച് തങ്ങളുടെ ഇടയിൽ കൂടുതൽ കൂടുതൽ പേർ ഈ വിഷമസ്ഥിതി നേരിടുന്നുണ്ടെന്ന് മത്സ്യത്തൊഴിലാളികൾ ചൂണ്ടിക്കാണിക്കുന്നു. വയോവൃദ്ധരെക്കുറിച്ച് ശ്രദ്ധയുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ മൊത്തത്തിൽ ഈ പ്രശ്നം വല്ലാതെ അലട്ടുന്നുണ്ട്. ഗവൺമെന്റ് ഈ പ്രശ്നത്തിൽ ഇടപെട്ടേ മതിയാവൂ. മത്സ്യത്തൊഴിലാളികളുടെ ഇടയിലെ മുതിർന്ന പൗരന്മാർക്ക് ആശ്വാസമണയ്ക്കാനും ആപത്കരമായ അവസ്ഥയിലുള്ള ഒരു സമൂഹത്തിന്റെ മുഴുവൻ പിന്തുണയും ആർജ്ജിക്കുവാനും അതുപകരിക്കും.

കാലാവസ്ഥാമാറ്റം, പാർപ്പിടം, സുരക്ഷിതമായ തീരം

32. കാലാവസ്ഥാമാറ്റവും കാലാവസ്ഥയിലെ അസ്ഥിരതയും തീരദേശങ്ങളെയും സമുദ്രമത്സ്യബന്ധനത്തെയും വല്ലാതെ അപകടകരമാക്കുന്ന പ്രതിഭാസങ്ങളാണ്. തുറമുഖങ്ങളടക്കമുള്ള നിർമ്മാണങ്ങൾ കടലാക്രമണങ്ങൾക്ക് കാരണമാകുന്നുണ്ട്. എന്നിട്ടും തീരപ്രദേശത്ത് കൂടുതൽ നിർമ്മാണവും അടിസ്ഥാനസൗകര്യങ്ങളും വേണമെന്ന ആവശ്യം ഇപ്പോഴും പല ഭാഗങ്ങളിൽനിന്നും ഉയരുന്നുണ്ട്. തുറമുഖങ്ങളുടെയും കപ്പൽ സങ്കേതങ്ങളുടെയും രൂപത്തിലുള്ള അടിസ്ഥാനസൗകര്യ വികസനത്തിന്റെ കാര്യത്തിൽ, നിലവിലുള്ളവയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് അവ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുവേണം ഊന്നൽ നൽകാൻ. പാരിസ്ഥിതികാഘാതപഠനം, പ്രത്യേകിച്ചും കടലാക്രമണസാദ്ധ്യതയ്ക്കും വീടുകളുടെ സുരക്ഷിതത്വത്തി

നം ഊന്നൽ നൽകിക്കൊണ്ടുള്ള പഠനം, നടത്തിയ ശേഷം മാത്രമേ പുതിയ നിർമ്മാണ ങ്ങൾ വേണ്ടിവന്നാൽ അവയുടെ കാര്യത്തിൽ തീരുമാനമെടുക്കാവൂ.

33. കടലാക്രമണം ചെറുക്കാൻ ഇപ്പോൾ സ്വീകരിച്ചുവരുന്ന തന്ത്രം കടൽഭിത്തി കെട്ടുന്നതാണ്. ദശകങ്ങളായി തുടർന്നുപോരുന്ന ഏർപ്പാടാണിത്. ഇതിനുവേണ്ടി വിദൂരമലകളിൽനിന്ന് വളരെയധികം പാറ ഖനനം ചെയ്ത് ലോറികളിൽ കയറ്റിക്കൊണ്ടുവരേണ്ടതുണ്ട്. ഇതെല്ലാം പലതരം പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിനും പുറമേ, കുറച്ചുകാലത്തേക്ക് തിരമാലകളുടെ ശക്തി കുറയ്ക്കാമെന്നല്ലാതെ ഇതുകൊണ്ട് പ്രശ്നത്തിന് സ്ഥായിയായ പരിഹാരം ഉണ്ടാകുന്നില്ല. ചില സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതുപോലെയുള്ള ചെലവ് കുറഞ്ഞതും കാര്യക്ഷമത കൂടിയതുമായ ബദൽ സാങ്കേതികവിദ്യകൾ പ്രായോഗികമാണ്. തീരമേഖലയുടെ സംരക്ഷണത്തിന് ശാസ്ത്രീയപഠനങ്ങളുടെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യപ്പെടുന്ന മാർഗ്ഗങ്ങളേ സ്വീകരിക്കുകയുള്ളൂ എന്ന നയപരമായ തീരുമാനം ഗവൺമെന്റ് കൈക്കൊള്ളണം. കരിങ്കല്ല് കൊണ്ട് കടൽഭിത്തി കെട്ടി കടലാക്രമണം ചെറുക്കുകയെന്ന മാർഗ്ഗം ഏറ്റവും അവസാനത്തെ അവലംബമായിരിക്കണം.

34.-സമുദ്രങ്ങളും നദികളും അഴിമുഖങ്ങളും തുടർച്ചയായ ഒരൊറ്റ ആവാസവ്യവസ്ഥയായി കണക്കാക്കണം; മൂന്നും തമ്മിലുള്ള ജൈവഭൗതിക ബന്ധം ഒരു സാകല്യമായി കാണണം. നദികളിലും തടാകങ്ങളിലും എക്കലടിയുക, അമിതമായി മണൽ വാരുക, ദീർഘകാലം എക്കൽ നീക്കം ചെയ്യാത്തതുകൊണ്ട് വെള്ളം കൊള്ളാനുള്ള നദികളുടെ ശേഷി കുറയുക, കടൽവെള്ളം നദികളിലേക്ക് കടന്നുകയറുക- ഇത്യാദി പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കുകയും , ശാസ്ത്രീയമായ പഠനങ്ങളിൽ നിന്നുള്ള ശുപാർശകളനുസരിച്ച് പരിഹാരമാർഗ്ഗങ്ങൾ തേടുകയും വേണം. ഈ പ്രശ്നങ്ങളെക്കുറിച്ച് ഉചിതമായ ഏജൻസികളുടെ പങ്കാളിത്തത്തോടുകൂടിയ ഒരു പഠനത്തിന് മുൻഗണന നൽകണം; ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ പരിപാലനസമ്പ്രദായങ്ങൾക്ക് രൂപം നൽകണം. ഈ പഠനത്തിൽനിന്നുരുത്തിരിഞ്ഞുവരുന്ന ശുപാർശകൾ വ്യക്തമായ ചർച്ചകൾക്ക് വിധേയമാക്കണം. ഈ ആവാസവ്യവസ്ഥകളുടെ പരിപാലനത്തിൽ അവയെ ആശ്രയിച്ചുജീവിക്കുന്ന എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. നദികളിലെ മണൽഖനനം സംബന്ധിച്ച് സ്വന്തം നയം ഗവണ്മെന്റ് പുനപരിശോധിക്കുകയും, ശുപാർശകളുടെ അടിസ്ഥാനത്തിൽ നീക്കംചെയ്യാവുന്ന എക്കലിന്റെ അളവ് വ്യക്തമായി നിർണ്ണയിക്കുന്നതിനുള്ള ഒരു പരിപാടി ആസൂത്രണം ചെയ്യുകയും വേണം.

35. തീരമേഖലാനിയന്ത്രണനിയമങ്ങൾ (കോസ്റ്റൽ സോൺ റെഗുലേഷൻ ആക്റ്റ്സ്) കൃത്യമായി പാലിച്ചുകൊണ്ടുമാത്രമേ തീരദേശങ്ങളിൽ ഭവനനിർമ്മാണവും കുടിപാർപ്പും അനുവദിക്കാവൂ. നിയമങ്ങൾ ലംഘിച്ച് വീടുവച്ചിട്ടുള്ളവരെ കണ്ടെത്തി, അവരെ തീരദേശറോഡുകൾക്ക് കിഴക്കുവശത്തുള്ളഗവണ്മെന്റ് ഭൂമിയിലോ സ്വകാര്യവ്യക്തികളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ വിപണിവിലയ്ക്ക് വാങ്ങുന്ന ഭൂമിയിലോ പുനരധിവസിപ്പിക്കണം. ഓരോ വർഷം ഇങ്ങനെ മാറ്റിപ്പാർപ്പിക്കേണ്ട കുടുംബങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ചുകൊണ്ട് ഗവണ്മെന്റ് ഒരു പുനരധിവാസപദ്ധതി തയ്യാറാക്കണം. താത്പര്യമുള്ള കുടുംബങ്ങളെ നടന്നുപോയി മത്സ്യബന്ധനം നടത്താൻ കഴിയുന്ന സ്ഥലങ്ങളിൽ മാറ്റിപ്പാർപ്പി

ക്കുന്ന പദ്ധതികൾക്ക് മുൻഗണനന നൽകണം. ഇപ്പോൾ വേലിയേറ്റരേഖയ്ക്ക് (എച്ച്.റ്റി.എൽ.) സമീപം താമസിക്കുന്ന കുടുംബങ്ങളെ ആദ്യം മാറ്റിപ്പാർപ്പിക്കണം.

36. മത്സ്യത്തൊഴിലാളികുടുംബങ്ങളെ യഥാവിധി പുനരധിവസിപ്പിച്ച ശേഷം കുറെ വർഷത്തേയ്ക്ക് തീരം കടലിന് വിട്ടുകൊടുത്താൽ അവിടത്തെ മണലധിഷ്ഠിത മൂലപ്രകൃതി താനേ തിരിച്ചുവരും. തീരപ്രദേശത്തെ നിർമ്മാണപ്രവർത്തനങ്ങൾ മൂലം മണ്ണൊലിപ്പും എക്കലടിയലും തൊട്ടടുത്തായി ഉണ്ടായിട്ടുണ്ടെങ്കിൽ അത്തരം സ്ഥലങ്ങളിലെ മണൽനഷ്ടം നികത്തുന്നതിനുള്ള നടപടികൾക്കും വലിയ പ്രാധാന്യം കല്പിക്കണം. ഇത്തരം പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ ഒരു നിശ്ചിതകാലത്തേയ്ക്ക് തീരദേശത്തെമ്പാടും നിർമ്മാണപ്രവർത്തനങ്ങൾ നിറുത്തിവയ്ക്കേണ്ടിവരും.

37. ഭൂമി ഏറ്റെടുക്കുന്നതിനും നിർമ്മാണത്തിനും വേണ്ടിവരുന്ന ചെലവുകൾ ഏറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഇപ്പോഴത്തെ പുനർഗേഹം പദ്ധതി പുനഃപരിശോധിക്കണം. അധികം തീരപ്രദേശങ്ങളിലും ഇപ്പോൾ നീക്കിവച്ചിട്ടുള്ള 10 ലക്ഷം രൂപാ അപര്യാപ്തമാണ്. അപകടസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ, വേലിയേറ്റക്കെടുതികൾ സഹിച്ചുകൊണ്ടാണ് ജീവിക്കുന്നതെങ്കിലും, ധാരാളം കുടുംബങ്ങൾ അവർക്കുള്ള ഭയാശങ്കകൾ കാരണം പുതിയ സ്ഥലങ്ങളിലേയ്ക്ക് മാറാൻ സന്നദ്ധരല്ല. പുനരധിവാസപദ്ധതികൾ തയ്യാറാക്കുമ്പോൾ അവരുടെ ഭയാശങ്കകൾ ദൂരീകരിക്കാൻ ശ്രദ്ധിക്കണം. പുനരിധിവാസക്കാര്യത്തിൽ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പുനരധിവസിപ്പിക്കപ്പെടേണ്ട വ്യക്തികളെ പങ്കാളികളാക്കണം.

38. മീൻപിടിത്തം കൂട്ടുചേർന്നുള്ള പ്രവർത്തനമാണ്. മത്സ്യത്തൊഴിലാളികൾ പരസ്പരം ഗാഢമായി ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. ഈ സാമൂഹികാവസ്ഥ പരിഗണിച്ച് കൂട്ടായ പ്രവർത്തനം പ്രോത്സാഹിപ്പിക്കുംവിധം, എന്നാൽ വേലിയേറ്റരേഖയിൽ നിന്നകലെയായിട്ടുവേണം ഗവൺമെന്റ് അവർക്ക് താമസസൗകര്യം ഒരുക്കാൻ. 'മാതൃകാഗ്രാമ'ങ്ങളിൽ അല്ലെങ്കിൽ 'ആസൂത്രിതഗ്രാമ'ങ്ങളിൽ പല സൗകര്യങ്ങളും ആഡംബരങ്ങളും ഒരുക്കുന്നതിനുള്ള ചെലവ് ഇതുമൂലം കുറയ്ക്കാൻ കഴിയും. ഒരു ഗ്രാമമോ ഒരു കൂട്ടം ഗ്രാമങ്ങളോ തെരഞ്ഞെടുത്ത് ഒരു സംഘം ആളുകൾക്ക് നൽകണം. പരമ്പരാഗതമായ തൊഴിലിൽ വ്യാപരിക്കുകയോ പുതിയ തൊഴിൽ കണ്ടെത്തുകയോ ചെയ്യാൻ അനുവദിക്കുന്നതോടൊപ്പം ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കളികൾ, സത്ക്കാരങ്ങൾ എന്നിവയ്ക്കെല്ലാം സഹായകരവും സൗകര്യപ്രദവുമായ രൂപകത്പന (ഡിസൈൻ) സ്വീകരിക്കണം. നിലവിലുള്ള തീരമേഖലാ നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം പദ്ധതി തയ്യാറാക്കുന്നത്. പത്താം പഞ്ചവത്സരപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള ഫിഷർമെൻ വെൽഫെയർ അസിസ്റ്റഡ് ഹൗസിംഗ് സ്കീമിന്റെ ആശയം മാതൃകാഗ്രാമങ്ങൾക്ക് ഉത്തോലകമാക്കാം. പുനരധിവസിപ്പിക്കുന്ന കുടുംബങ്ങളുടെ തെരഞ്ഞെടുപ്പ് മുതൽ മാതൃകാഗ്രാമങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പിലാകെ ഗ്രാമപഞ്ചായത്ത് അവിഭാജ്യ ഭാഗമായിരിക്കണം.

39. 'ഗാവ്-ധൻ' (പൊതുസ്ഥലം) എന്ന ആശയം 1991-ലെ തീരദേശനിയന്ത്രണനിയമത്തിൽ (സി.ആർ.ഇസഡ് 1991) പരാമർശിക്കപ്പെടുന്നുണ്ട്. സി.ആർ.ഇസഡ്. 2011-ൽ വിഭാവന ചെയ്യുന്ന (സി.ആർ.ഇസഡ് 2019-ലും ആവർത്തിക്കപ്പെടുന്ന) മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ ഭൂപടം തയ്യാറാക്കുന്ന ജോലി ഏറ്റെടുത്ത് നടത്തുകയും മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ അവകാശങ്ങൾക്ക് ഔപചാരികത്വം നൽകുകയും വേണം. പാർപ്പിടങ്ങളും മറ്റ് സാമൂഹിക അടിസ്ഥാനാവശ്യങ്ങളും ആവശ്യമായി വരുന്ന മുറയ്ക്ക് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ സമുദ്രാഭിമുഖമായിട്ടുള്ള വികസനത്തിന് അർഹമായ പ്രാധാന്യം കല്പിക്കണം. സി.ആർ.സെഡ് 2011ൽ വിഭാവന ചെയ്യുന്ന പ്രകാരം ഗ്രാമതലത്തിലുള്ള ദീർഘകാല ആസൂത്രണം നടപ്പാക്കേണ്ടത് ആവശ്യമാണ്.

40. മത്സ്യബന്ധനത്തിലേർപ്പെടുന്ന സമൂഹങ്ങൾ സ്വന്തം നിലയിൽ തീരദേശ വിഭവ വിനിയോഗ ഭൂപടം തയ്യാറാക്കണം. അങ്ങനെ വള്ളങ്ങൾ നിറുത്തിയിടുക, മീൻ വിൽക്കുക, മീൻ ഉണക്കുക, വല നന്നാക്കുക തുടങ്ങിയ മത്സ്യബന്ധനാനുബന്ധാവശ്യങ്ങൾക്ക് കടപ്പുറം മുമ്പ് എങ്ങനെയാണ് ഉപയോഗിച്ചിരുന്നതെന്നും ഇപ്പോഴെങ്ങനെ ഉപയോഗപ്പെടുത്തുന്നുവെന്നും കാണിക്കുന്ന ഭൂപടം സമൂഹത്തിലെ യുവാക്കളുടെയും ഗ്രാമപഞ്ചായത്തുകളുടെയും സഹായത്തോടെ തയ്യാറാക്കണം.

41. നീല സാമ്പത്തികവിപ്ലവത്തെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന പ്രധാന ഘടകമായിട്ടാണ് കേന്ദ്ര ഗവൺമെന്റ് വിഭാവന ചെയ്യുന്നത്. പക്ഷേ പല മത്സ്യത്തൊഴിലാളിവിഭാഗങ്ങളും ഈ സംരംഭങ്ങളെ ഉത്ക്കണ്ഠാകുലരായിട്ടാണ് നോക്കിക്കാണുന്നത്. പുതിയ സംരംഭങ്ങൾ തങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളിൽ ഉണ്ടാക്കിയേക്കാവുന്ന ആഘാതമാണ് അവരുടെ ആശങ്കയ്ക്ക് പ്രധാന കാരണം. നീലസാമ്പത്തിക സംരംഭങ്ങളെ മദ്ധ്യകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ഗുണകരമായോ ദോഷകരമായോ എങ്ങനെയൊക്കെ ബാധിക്കാൻ സാദ്ധ്യതയുണ്ടെന്ന് പരിഗണിച്ചുവേണം പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനുമുള്ള പദ്ധതികളുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ.

42. അന്തരീക്ഷത്തിലെ കാർബൺ ആഗിരണം ചെയ്യുന്നതിനുള്ള തീരദേശങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കണ്ടൽക്കാടുകൾ വച്ചു പിടിപ്പിക്കുന്നതടക്കം കാലാവസ്ഥാമാറ്റത്തിന്റെ രൂക്ഷത കുറയ്ക്കുന്നതിനുള്ള കർമ്മപദ്ധതികൾ സ്വീകരിക്കാൻ ഗവൺമെന്റ് പ്രോത്സാഹനം നൽകണം. ഇതിനുവേണ്ടി ദേശീയ - അന്താരാഷ്ട്ര സംഘടനകൾ നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഉപയോഗപ്പെടുത്താൻ പഞ്ചായത്തുകളെയും മത്സ്യത്തൊഴിലാളി ഗ്രാമങ്ങളെയും പ്രോത്സാഹിപ്പിക്കണം.

വായ്പയും സ്ഥാപനങ്ങളും

43. തങ്ങളുടെ അദ്ധ്വാനത്തിന്റെ ഉത്പന്നമായ മീൻ തങ്ങൾക്കിഷ്ടമുള്ള ആർക്കുവേണമെങ്കിലും വിൽക്കാൻ മീൻപിടുത്തക്കാർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം. വായ്പയും ഉത്പന്നവിപണിയും തമ്മിൽ ഘടിപ്പിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം. മത്സ്യത്തൊഴിലാളികൾക്കു നൽകുന്ന വായ്പയ്ക്കു പലിശ ഈടാക്കാൻ മാത്രമേ ഉത്തമർണ്ണന്മാർക്ക് അവകാശമു

ണ്ടായിരിക്കാവൂ. മീൻ ലേലത്തിലോ വിൽപ്പനയിലോ ഒരു കുത്തകാവകാശവും പാടില്ല. ആദ്യവിൽപ്പന (അതായത് തീരത്തോ തുറമുഖത്തോവച്ചുള്ള വിൽപ്പന) ആർക്കായിരിക്കണമെന്നു തീരുമാനിക്കാനുള്ള അവകാശം യഥാർത്ഥത്തിൽ മീൻ പിടിക്കുന്ന തൊഴിലാളികൾക്കും ഉടമകൾ കൂടിയായ തൊഴിലാളികൾക്കും നൽകുന്ന ഒരു നിയമവ്യവസ്ഥ ഗവൺമെന്റ് കൊണ്ടുവരണം.

44. മത്സ്യബന്ധനമേഖലയിലെ നിയമസാധുതയുള്ള ഒരേയൊരു സഹകരണപ്രസ്ഥാനം എന്ന നിലയിൽ മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണസംഘങ്ങളെ, തങ്ങളുടെ അംഗങ്ങൾ പിടിക്കുന്ന മീൻ കടപ്പുറത്തോ വള്ളക്കടവുകളിലോ വച്ച് ആദ്യവിൽപ്പന നടത്തുന്നതിനുള്ള ശരിയായ സൗകര്യമൊരുക്കുക എന്ന പ്രാഥമിക കർത്തവ്യനിർവഹണത്തിന് ശക്തമാക്കുമാറ് പുനരുജ്ജീവിപ്പിക്കണം. സംഘത്തിന്റെ മറ്റ് പലപല പ്രവർത്തനങ്ങൾ എത്രതന്നെ ലാഭകരമായിരുന്നാലും പ്രധാനപ്പെട്ട ഈ ലക്ഷ്യം നേടുന്നതിൽ മത്സ്യഫെഡ് പരാജയപ്പെട്ടിരിക്കുന്നു എന്നാണ് ഞങ്ങൾക്കു ലഭിച്ചിട്ടുള്ള കണക്കുകൾ കാണിക്കുന്നത്. പ്രാഥമിക സംഘങ്ങളെ അവയിൽ അംഗങ്ങളായ മീൻപിടിത്തക്കാർ കാണുന്നത് ഗവൺമെന്റ് സംഘടനകളായിട്ടാണ്. തങ്ങളുടേതായിട്ടല്ല. ഭരണത്തിലും നടത്തിപ്പിലും യഥാർത്ഥ മീൻപിടിത്തക്കാർക്കു പങ്കാളിത്തമുള്ള പ്രാഥമിക സംഘങ്ങളാണ് ഇതിന് അപവാദം. പ്രാഥമിക സംഘങ്ങളിൽക്കൂടി മീൻ വിൽക്കുന്ന യഥാർത്ഥ മീൻ പിടിത്തക്കാർ മാത്രമേ അവയുടെ ഭരണകാര്യങ്ങളിൽ ഏർപ്പെടുന്നുള്ളൂ എന്ന് ഉറപ്പ് വരുത്താൻ സർക്കാർ (സഹകരണവകുപ്പ്) അടിയന്തിരമായി ഇടപെടേണ്ടതാണ്. അങ്ങനെ സാർവത്രികമായ അംഗീകരിക്കപ്പെട്ടുള്ള ഏഴ് സഹകരണതത്വങ്ങൾ അനുസരിച്ചാണ് സംഘങ്ങൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തണം.

45. മത്സ്യത്തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളെ കൂടുതൽ ജനാധിപത്യപരവും ഭാഗഭാഗിത്വപരവും അവ്യാജവും ആക്കി മാറ്റിക്കൊണ്ട് അവയുടെ കാര്യക്ഷമതയും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തണം. ഏറ്റവുമൊടുവിൽ, മത്സ്യഫെഡിന്റെ അംഗത്വവും ലേലത്തിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണവും അതിലൂടെ വിൽക്കപ്പെടുന്ന മീനിന്റെ അളവും കുറഞ്ഞുവരികയാണ്. സംസ്ഥാനത്തുള്ള യഥാർത്ഥ മീൻ പിടിത്തക്കാരിൽ 20-25 ശതമാനം മാത്രമേ അതിൽ അംഗങ്ങളായിട്ടുള്ളൂ. അവർക്കുതന്നെ ആവശ്യമുള്ള വായ്പ മത്സ്യഫെഡിൽനിന്ന് ലഭിക്കുന്നില്ല. അനൗപചാരികമേഖലയിൽനിന്ന് വായ്പ എടുക്കാനവർ നിർബ്ബന്ധിതരാകുന്നതിന്റെ ഒരു കാരണം ഇതാണ്. മത്സ്യഫെഡിന്റെ പരിധിക്കുപുറത്ത് പ്രവർത്തിക്കുന്ന ചില സഹകരണസംഘങ്ങൾ മത്സ്യത്തൊഴിലാളി മേഖലയിലുണ്ട്. അവയിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ നിർവ്യാജമായ പങ്കാളിത്തം കൊണ്ട് അവ നന്നായി പ്രവർത്തിക്കുന്നുണ്ട്. അംഗത്വം വർദ്ധിപ്പിക്കാനും ലേലത്തിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനും അംഗങ്ങൾ പിടിക്കുന്ന മീനിന് മെച്ചപ്പെട്ട വില നേടിക്കൊടുക്കാനും വായ്പാപ്രവാഹം വർദ്ധിപ്പിക്കാനും വേണ്ട നടപടികൾ മത്സ്യഫെഡ് അടിയന്തിരമായി കൈക്കൊള്ളണം.

46. മീൻപിടിത്തവും വിപണനവുമടക്കമുള്ള തുടർ പ്രവൃത്തികളും വലിയ മുതൽമുടക്ക് ആവശ്യമുള്ള പ്രവർത്തനങ്ങളാണ്. രണ്ടും നടക്കുന്നത് വായ്പയെ ആശ്രയിച്ചാണ്. ഏറിയ കൂറും അനൗപചാരികമേഖലയിൽനിന്ന്. ഈ വായ്പ മീൻ വിറ്റിട്ട് വീട്ടിക്കൊള്ളാം എന്ന ധാരണ

യിലാണ് നൽകുന്നത്. മത്സ്യബന്ധനം മൂലധനതീവ്രമാക്കുന്നതിലെ പ്രധാന ചാലകശക്തി ഇത്തരം അനൗപചാരിക വായ്പകളാണ്. മത്സ്യബന്ധനമേഖലയിലെ ഈ വായ്പാ വിപണന ബന്ധനം മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികസ്ഥിതി ദുർബ്ബലപ്പെടുത്തുകയും അവരെ ശാശ്വതമായ കടക്കെണിയിൽ അകപ്പെടുത്തുകയും ചെയ്യുന്നു. മത്സ്യബന്ധനമേഖലയിൽ കൂടുതൽ ഉദാരമായ വ്യവസ്ഥയിൽ വായ്പ ആവശ്യമുണ്ട് എന്ന വസ്തുത പരിഗണിച്ച് മത്സ്യബന്ധനമേഖലയ്ക്ക് മാത്രമായി മത്സ്യത്തൊഴിലാളി സൗഹൃദവായ്പാസൗകര്യങ്ങൾ ഔപചാരിക ബാങ്കിംഗ് മേഖലയിൽ കൂടുതൽ ആവിഷ്കരിക്കണം.

47. ഉചിതമായ വായ്പാപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വായ്പാസൗകര്യങ്ങൾ ഒരുക്കാൻ മത്സ്യഫെഡിന് കേരള ബാങ്കുമായി കൈകോർക്കാവുന്നതാണ്. മീൻപിടിത്തബോട്ടുകളോ വള്ളങ്ങളോ കരയ്ക്കടുപ്പിയ്ക്കുന്ന സ്ഥലങ്ങളിലും തുറമുഖങ്ങളിലും വച്ച് വായ്പ വിതരണം ചെയ്യണം. മത്സ്യത്തൊഴിലാളി മേഖലയുടെ ആവശ്യമനുസരിച്ച് പ്രവർത്തനസമയം ക്രമപ്പെടുത്താം. ഉദാഹരണത്തിന്- ഉച്ച കഴിഞ്ഞ് രണ്ട് മണി മുതൽ രാത്രി എട്ട് മണിവരെ. ഗ്രാമവികസനത്തിനും സഹകരണത്തിനും സഹായം നൽകുന്ന കേന്ദ്രസംഘടനകളുടെ സഹായത്തോടെ കേരള ബാങ്കിൽ മത്സ്യത്തൊഴിലാളി ബാങ്കിന്റെ രൂപത്തിൽ ഒരു വായ്പാവിഭാഗം തുടങ്ങുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണം.

48. കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) പോലെയുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഉപകാരപ്രദമായ പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ മത്സ്യത്തൊഴിലാളികളെ പ്രോത്സാഹിപ്പിക്കണം. മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം പേരിൽ ബോട്ടോ മറ്റേതെങ്കിലും തരത്തിലുള്ള യാനമോ ഉണ്ടായിരിക്കുക, അഴിമുഖങ്ങളിലും കടലിലും മീൻ പിടിക്കാൻ വേണ്ട ലൈസൻസ് ഉണ്ടായിരിക്കുക - കെ.സി.സി. ഗുണഭോക്താവിനു വേണ്ട യോഗ്യതകൾ ഇവരണ്ടും മാത്രമാണ്. കെ.സി.സി.വായ്പാവ്യവസ്ഥകൾ ഉദാരമാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ കിസാൻ ക്രെഡിറ്റ് കാർഡ് പ്രോത്സാഹിപ്പിക്കാൻ വ്യാപകമായൊരു പ്രചാരണം ആരംഭിക്കണം.

49. മത്സ്യബന്ധനമേഖലയിൽ സുസ്ഥിരമായ ഒരു വികസനപ്രക്രിയ ഉറപ്പു വരുത്തുന്നതിൽ മത്സ്യഭവനുകൾക്ക് മുഖ്യസ്ഥാനമുണ്ട്. മത്സ്യഭവനുകളുടെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ നേതൃത്വത്തിൽ മത്സ്യസഭകൾ പോലെയുള്ള സമിതികൾ രൂപീകരിക്കുകയും, അവയിൽ താത്പര്യമുള്ള സംഘടനകളുടെയും വ്യക്തികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുകയാണ് മത്സ്യഭവനുകളുടെ പ്രധാന ഉത്തരവാദിത്വം. മത്സ്യബന്ധനസമൂഹത്തിന്റെ കാഴ്ചപ്പാടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി കൂട്ടിയിണക്കുകയും, ഗവൺമെന്റിന്റെ അനേകം വികസനപദ്ധതികളുടെ ശരിയായ ആസൂത്രണത്തിലൂടെയും നിർവഹണത്തിലൂടെയും മത്സ്യത്തൊഴിലാളികളുടെ ശബ്ദം കേൾക്കുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുക എന്നതായിരുന്നു മത്സ്യഭവനുകൾകൊണ്ട് ഉദ്ദേശിച്ചിരുന്നത്. മത്സ്യഭവനിലെ ജീവനക്കാരുടെ കുറവും അവിടത്തെ സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് അവയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നത്. രണ്ടും മെച്ചപ്പെടുത്താനുള്ള അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. മത്സ്യസഭകളുടെ രൂപീകരണത്തിന് മുൻഗണന നൽകണം.

50. മത്സ്യത്തൊഴിലാളികളുടെ കടബാധ്യതയുടെ ചെറിയൊരംശം മാത്രം പരിഹരിക്കാനേ ഋണാശ്വാസ കമ്മീഷന് കഴിയുന്നുള്ളൂ. മത്സ്യത്തൊഴിലാളികളുടെയിടയിൽ വലിയൊരു ധാർമികാധഃപതന സാദ്ധ്യതയ്ക്ക് അത് വളംവെയ്ക്കുന്നുണ്ട്. ഋണാശ്വാസകമ്മീഷൻ (അതിന്റെ ഇന്നത്തെ രൂപത്തിൽ) തുടരണമോ എന്ന കാര്യത്തിൽ, അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സ്വാധീനത്തെക്കുറിച്ചുമുള്ള സമഗ്രമായൊരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് നടപടിയെടുക്കാം. തത്ക്കാലം, ഇതിനകം പരിഗണിച്ചുതുടങ്ങിയ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനപ്പുറം മറ്റൊരു പ്രവർത്തനവും കമ്മീഷൻ നടത്താതിരിക്കുന്നതാണ് നല്ലത്.

വനിതകളും ചന്തകളും

51. തീരത്തെത്തിയ മീൻ പുനർവിതരണം നടത്തുകയോ കച്ചവടക്കാർ ഉപഭോക്താക്കൾക്ക് നേരിട്ട് വിൽക്കുകയോ ചെയ്യുന്ന ഇടങ്ങളാണ് ചന്തസ്ഥലങ്ങൾ. അതുകൊണ്ട്, ഈ സ്ഥലങ്ങളിൽ വില്ക്കുന്നവർക്കും വാങ്ങുന്നവർക്കും വേണ്ട പ്രാഥമിക സൗകര്യങ്ങളെല്ലാം ഉണ്ടായിരിക്കണം. പക്ഷേ, വൃത്തിയും പ്രാഥമികസൗകര്യങ്ങളുമുള്ള ചന്തകൾ കേരളത്തിൽ അപൂർവമാണ്. വ്യക്തിശുചിത്വത്തിൽ അഭിമാനം കൊള്ളുന്നവരാണ് മലയാളികളെങ്കിലും നമ്മുടെ മത്സ്യച്ചന്തകൾ നിത്യേന അവിടെനിന്ന് മീൻ വാങ്ങുന്ന ഉപഭോക്താവിന്റെ ശുചിത്വബോധത്തിന് അപമാനമാണ്. മീൻ വിൽപ്പനക്കാരുടെയും ഉപഭോക്താക്കളുടെയും ആവശ്യങ്ങൾ പരിഗണിച്ച്, ചില്ലറ വിൽപ്പന നടത്തുന്ന മീൻചന്തകളിലെയും മൊത്തവ്യാപാരകേന്ദ്രങ്ങളിലെയും പ്രാഥമികസൗകര്യങ്ങളുടെയും ശുചിത്വത്തിന്റെയും നിലവാരം ഗണ്യമായി ഉയർത്താൻ അടിയന്തിരനടപടിയെടുക്കണം.

52. മീൻചന്തകൾ 'അനാഥസ്ഥാപന'ങ്ങളാണ്. ചന്തകൾ നിർമ്മിക്കുകയും അവ പരിപാലിക്കാൻ നിയോഗിക്കപ്പെടുകയും ചെയ്യുന്ന ഡിപ്പാർട്ട്മെന്റ് അപൂർവമായേ അവയുടെ ശരിയായ പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം വഹിക്കാറുള്ളൂ എന്നതാണ് ഇതിന് കാരണം. ചന്തകൾ പ്രവർത്തനസജ്ജമാണെന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം നിശ്ചിതകാലത്തേയ്ക്ക് അത് നടത്താനുള്ള അവകാശം ലേലത്തിൽ പിടിക്കുന്ന സ്വകാര്യകരാറുകാരെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. അപൂർവമായേ ചന്തയുടെ കരാറുകാർ മാറിവരാറുള്ളൂ എന്ന വസ്തുത ഈ രംഗത്ത് വേരുറപ്പിച്ചിട്ടുള്ള കുത്തകതാത്പര്യത്തിന്റെ ആഴം വ്യക്തമാക്കുന്നു. 'പോറ്റുകാരനായ കരാറുകാര'ന്റെ ഒരേയൊരു ലക്ഷ്യം ഏറ്റവും കുറഞ്ഞ സമയംകൊണ്ട് ഏറ്റവും കൂടുതൽ വാടക ഈടാക്കുക എന്നതാണ്. ചന്തക്കരാറുകാർക്കാർക്കും ഒരു ചന്തയുടെ മേൽ മൂന്ന് വർഷത്തിലധികം കാലം നിയന്ത്രണം അനുവദിക്കില്ലെന്ന് ഗവൺമെന്റ് ഉറപ്പ് വരുത്തണം. ലേലനടപടികൾ കൂടുതൽ സുതാര്യമാക്കണം.

53. അഭിമുഖസംഭാഷണത്തിന് വന്ന മീൻവിൽപ്പനക്കാരികൾ പറഞ്ഞ പ്രധാന പരാതികൾ ഇവയാണ്. (1) ചന്തകളിലെ പുരുഷമേധാവിത്വവും, എല്ലാ തലങ്ങളിലും സ്ത്രീകൾ നേരിടുന്ന സാമ്പത്തികവും സാമൂഹികവുമായ പീഡനവും; (2) തൊഴിത്പരവും (ഇരുന്ന് കച്ചവടം നട

ത്താനുള്ള സ്ഥലം) വ്യക്തിപരവുമായ (ശൗചാലയങ്ങളും വസ്ത്രം മാറാനുള്ള സ്ഥലങ്ങളും) സൗകര്യങ്ങളുടെ ശോചനീയാവസ്ഥ. പുരുഷന്മാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന പീഡനങ്ങളെക്കുറിച്ചും ചന്തകളിലെ പ്രാഥമികസൗകര്യങ്ങളുടെ അപര്യാപ്തതകളെക്കുറിച്ചും സർവത്ര കേൾക്കുന്ന ആക്ഷേപങ്ങൾക്ക് പരിഹാരം കാണാൻ 'കേരള ഫിഷ് ഓക്ഷനിംഗ്, മാർക്കറ്റിംഗ് ആൻഡ് മെയിന്റനൻസ് ഓഫ് ക്വാളിറ്റി ആക്ട് 2021' ഗവൺമെന്റ് പ്രയോജനപ്പെടുത്തണം.

54. മീൻവിൽപ്പനക്കാരികളുടെ - വിശേഷിച്ചും തീരദേശസമൂഹങ്ങളിൽ നിന്നുള്ളവരുടെ തൊഴിലിന് ന്യായവും അന്തസ്സുമണയ്ക്കാൻ വളരെയധികം ശ്രമം നടത്തേണ്ടിയിരിക്കുന്നു. കടലിൽനിന്ന് അഞ്ചുപത്ത് കിലോമീറ്ററിനകമുള്ള ചില്ലറവിൽപ്പനകേന്ദ്രങ്ങളിൽ കടപ്പുറത്ത് നിന്ന് മീൻ നേരിട്ട് കൊണ്ടുവരുന്ന മീൻകാരികൾക്ക് പ്രത്യേകഇടം അനുവദിക്കണം. ഈ മീൻകാരികൾക്ക് ശരിയായ തിരിച്ചറിയൽ ബാഡ്ജുകളും മെച്ചപ്പെട്ട നനയാത്ത (വാട്ടർപ്രൂഫ്) ഉപരിവസ്ത്രങ്ങളും നൽകാൻ എസ്.എ.എഫ്. പോലെയുള്ള ഏജൻസികൾ ഈ സ്ത്രീകളുമായും അവരുടെ തൊഴിൽ സംഘടനകളുമായും സഹകരിക്കണം.

55. മത്സ്യത്തൊഴിലാളി സമൂഹങ്ങളിലെ സ്ത്രീകൾക്കിടയിൽ സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി.) ഉണ്ടാക്കാൻ ഗണ്യമായ ശ്രദ്ധ നൽകിയിട്ടുണ്ട്. ഈ സംഘങ്ങളിലൂടെ സ്ത്രീകൾക്ക് കുറച്ചധികം വായ്പ ലഭിച്ചിട്ടുണ്ട്. സമ്പാദ്യമുണ്ടാക്കാനും അവർക്കു കഴിഞ്ഞു. വനിതകൾക്ക് അപകട ഇൻഷുറൻസ് പോലെയുള്ള സംരക്ഷണപരമായ സാമൂഹ്യസുരക്ഷ ഒരുക്കുന്നതിൽ ഏറെ സഹായിക്കാൻ ഈ സ്വയം സഹായ സംഘങ്ങൾക്കു കഴിയും.

മനുഷ്യശേഷീവികസനം

56. കേരളത്തിലെ പത്ത് ഫിഷറി സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ വിട്ടു പഠിപ്പിക്കുവാൻ മത്സ്യത്തൊഴിലാളി സമൂഹവും വിശാല തീരദേശസമൂഹവും ആഗ്രഹിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. സ്കൂളുകളിലെ മെച്ചപ്പെട്ട സൗകര്യങ്ങളും അദ്ധ്യയനവുമാണ് അവയെ ആകർഷകമാക്കിയിരുന്നത്. ഈ സ്കൂളിലെ ഭൗതികസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ഗവൺമെന്റ് പണം മുടക്കിയിട്ടുണ്ട്. അദ്ധ്യാപകർ ഇപ്പോഴും തങ്ങളുടെ ജോലിയിൽ പ്രതിജ്ഞാബദ്ധരാണ്. പക്ഷേ മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് ഇപ്പോൾ ഈ സ്കൂളുകളിൽ അത്ര താത്പര്യമില്ല. ഈ സ്കൂളുകളുടെ ഇപ്പോഴത്തെ പദവിയെക്കുറിച്ചും അവയെല്ലാം തുടർന്ന് നിലനിറുത്തുന്നത് പ്രയോജനകരമാണോ എന്നതിനെക്കുറിച്ചും പുനഃപരിശോധന നടത്തണമെന്ന് പറയാനുള്ള കാരണങ്ങളുണ്ട്. ഏതാനും സ്കൂളുകൾ മാത്രം അതും കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളുള്ള റസിഡൻഷ്യൽ സ്കൂളുകൾ നിലനിറുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് നന്നായിരിക്കും. അദ്ധ്യാപകരും രക്ഷിതാക്കളുമായി നടത്തുന്ന ഒരു കൂടിയാലോചനയായിരിക്കണം ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ടുന്ന ആദ്യ നടപടി.

57. സർവകലാശാലകൾ ശ്രേഷ്ഠവിദ്യാകേന്ദ്രങ്ങളായിരിക്കണം. പക്ഷേ തങ്ങൾ ഏത് സമൂഹത്തിനു വേണ്ടിയാണോ നിലകൊള്ളുന്നത് ആ സമൂഹത്തിന് പ്രയോജനകരവുമായിരിക്കണം. ഈ വീക്ഷണത്തിൽ നോക്കുമ്പോൾ ഫിഷറീസ് സർവകലാശാല (കെ.യു.എഫ്.ഒ.എസ്.)

വിദ്യാർത്ഥിപ്രവേശനത്തിലും അദ്ധ്യയനപദ്ധതികളുടെ കാര്യത്തിലും മത്സ്യത്തൊഴിലാളി സമൂഹത്തിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിപ്പോരുന്നുണ്ട്. എന്നിരുന്നാലും മത്സ്യത്തൊഴിലാളിസമൂഹവുമായുള്ള മെച്ചപ്പെട്ട പാരസ്പര്യത്തിലൂടെ അറിവിന്റെ സഹപരിണാമത്തിലും സഹസൃഷ്ടിയിലും കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

58. സംസ്ഥാനത്ത് കിട്ടാവുന്ന ഏറ്റവും ശ്രേഷ്ഠരായ മീൻപിടുത്തവിദഗ്ദ്ധന്മാരെ പങ്കെടുപ്പിക്കുന്ന അന്യോന്യസഭകൾ പതിവായി നടത്തുന്ന കാര്യം ഫിഷറീസ് സർവകലാശാലയ്ക്ക് ആലോചിക്കാവുന്നതാണ്. ഇത്തരം സഭകൾ അറിവും സാങ്കേതികവിദ്യയും തമ്മിൽ ബന്ധപ്പെട്ടത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ വിദ്യാർത്ഥികൾക്കും സർവകലാശാലയുടെ പ്രസക്തി മനസ്സിലാക്കാൻ മത്സ്യത്തൊഴിലാളികൾക്കും സഹായകമാവും. മത്സ്യബന്ധന മേഖലയിലുള്ള എല്ലാവരേയും - ഉദാ- മീൻപിടുത്തക്കാർ, മീൻവളർത്തുകാർ മുതലായവർ - പ്രഭാഷണങ്ങൾ കേൾക്കാനും പ്രകടനങ്ങളും പ്രദർശനങ്ങളും കാണാനും കൊല്ലത്തിലൊരിക്കൽ സർവകലാശാലയിലേക്ക് ക്ഷണിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ സർവകലാശാലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഈ മേഖലയുടെയും ഈ മേഖലയിലുള്ള ആളുകളുടെയും ആവശ്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്ക് ഏറ്റവും പുതിയ കണ്ടുപിടിത്തങ്ങളെക്കുറിച്ചും ഉപകരണങ്ങളെക്കുറിച്ചുമൊക്കെ കണ്ടും കേട്ടും പഠിക്കാൻ കഴിയും. വ്യാപകമായ സമുദ്രസാക്ഷരത സൃഷ്ടിക്കുക എന്നതായിരിക്കണം ലക്ഷ്യം. അറിവുകൾ മുകൾത്തട്ടിൽനിന്ന് താഴോട്ടെത്തിക്കുന്ന "വ്യാപന"ത്തിന്റെ സമീപനം ഫിഷറീസ് സർവകലാശാല ഉപേക്ഷിക്കണം. പകരം കൂടുതൽ തിരശ്ചീനവും പങ്കാളിത്തപരവുമായ പാരസ്പര്യസങ്കല്പം കൊണ്ടുവരണം.

59. കേന്ദ്രഗവൺമെന്റിന്റെ സാഗർമിത്ര പദ്ധതിയിൻകീഴിൽ ഗ്രാമീണരെ ഉത്തേജിപ്പിക്കാൻ കഴിയുന്ന ഒരു സന്നദ്ധസേനയെ പരിശീലിപ്പിക്കാനും അവർക്ക് ചെറിയ സാമ്പത്തിക ആനുകൂല്യവും സാമൂഹികാംഗീകാരവും നൽകാനുള്ള സാദ്ധ്യത സജീവമായി പരിഗണിക്കണം. അധികാരികളുടെ വാർഡ് മെമ്പർ മത്സ്യഫെഡ്, ഓഫീസർ മുതലായവരും ഓരോ ഗ്രാമത്തിലെയും ഇടവക പുരോഹിതൻ, ധീവരസഭാ പ്രതിനിധി തുടങ്ങിയ അനൗദ്യോഗിക അംഗങ്ങളും ഉള്ള ഒരു കമ്മിറ്റി വേണം ഇവരെ തെരഞ്ഞെടുക്കാൻ. അപേക്ഷകരുടെ യോഗ്യതയെ സംബന്ധിച്ച് (ഉദാഹരണം - രക്ഷാകർത്താവ് മത്സ്യത്തൊഴിലാളിയോ തീരദേശഗ്രാമത്തിലെ താമസക്കാരനോ ആയിരിക്കുക, വിദ്യാഭ്യാസ നിലവാരം, ഗ്രാമത്തിന്റെ പൊതുക്കാര്യങ്ങളിൽ തെളിയിക്കപ്പെട്ട താത്പര്യം, ഗ്രാമത്തിൽ താമസിക്കാനുള്ള സമ്മതം മുതലായവ.) പൊതുവേ അഭിപ്രായഐക്യം ഉണ്ടായിരിക്കണം. ലിംഗാനുപാതം 60:40 ആയിരിക്കണം. സംസ്ഥാനത്തുള്ള എല്ലാ മത്സ്യത്തൊഴിലാളികളുടെയും വിശ്വാസം ആർജ്ജിക്കേണ്ടതുള്ളതുകൊണ്ട് ഈ സേനയിലേക്കുള്ള തെരഞ്ഞെടുപ്പ് ഗവൺമെന്റ് രാഷ്ട്രീയവത്ക്കരിക്കരുത്.

60. സക്രിയരായിട്ടുള്ള മീൻപിടുത്തക്കാരുടെ എണ്ണം കുത്തനെ കുറയുന്ന രാജ്യങ്ങളിൽ മത്സ്യബന്ധനയാനവ്യൂഹങ്ങൾ പ്രവർത്തിപ്പിക്കാൻ നൈപുണ്യമുള്ള ജോലിക്കാരുടെ ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യബന്ധനയാനങ്ങളിൽ ജോലി ചെയ്യാനായി ധാരാളം മീൻപിടുത്തക്കാർ ഗൾഫിലേക്ക് കുടിയേറിക്കഴിഞ്ഞു. യൂറോപ്പിലും ചെറുകിട, വൻകിട മത്സ്യ

ബന്ധനമേഖലകളിൽ രണ്ടിലും ചെറുപ്പക്കാരെ ജോലിക്ക് കിട്ടാതായിക്കൊണ്ടിരിക്കുന്നു. തത്ഫലമായി അവിടത്തെ മീൻപിടുത്തക്കാരുടെ ശരാശരി പ്രായം ഉയർന്നുകൊണ്ടേയിരിക്കുന്നു. സ്കോട്ട്ലണ്ടിൽ ഇപ്പോൾ മീൻപിടുത്തം മുഖ്യമായും നടത്തുന്നത് ദക്ഷിണ-ദക്ഷിണപൂർവേഷ്യയിൽനിന്നുള്ള കപ്പൽജോലിക്കാരെ ആശ്രയിച്ചാണ്. ഇതൊരു ആഗോള പ്രവണതയുടെ തുടക്കം മാത്രമാണ്. ഈയവസരം മുതലാക്കാൻ കേരളത്തിലെ മീൻപിടുത്തക്കാരും തയ്യാറാക്കണം. ഇന്ത്യയ്ക്കു പുറത്ത് മത്സ്യബന്ധനവ്യവസായങ്ങളിൽ തൊഴിൽ നേടാൻ ഉപയുക്തമാകുന്ന പരിശീലനവും വിജ്ഞാനവും നൽകുന്ന ഒരു ഫോറിൻ ഫിഷറീസ് സർട്ടിഫിക്കേഷൻ പ്രോഗ്രാം ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ മുൻഗണനാപരിപാടിയാവണം.

61. തീരപ്രദേശത്ത് സ്ഥിരം കേൾക്കുന്ന ഒരു പല്ലവിയാണ് തങ്ങൾക്കർഹമായിട്ടുള്ള സാമൂഹിക സുരക്ഷാപദ്ധതികളെപ്പറ്റി മത്സ്യത്തൊഴിലാളികൾക്ക് അറിവില്ലായെന്നത്. ഗവൺമെന്റിന്റെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിൽ വിവിധ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്ക് കിട്ടാവുന്ന സാമൂഹിക സുരക്ഷാപദ്ധതികളെക്കുറിച്ച് എല്ലാ വിവരങ്ങളും നൽകുന്ന ലഘുലേഖകൾ അനവധിയുണ്ട്. പക്ഷേ അവയൊന്നും താഴെത്തട്ടിലുള്ള ആളുകളുടെയടുത്ത് എത്താറില്ലെന്നു തോന്നുന്നു. ഈ ലഘുലേഖകളും മറ്റ് പ്രസിദ്ധീകരണങ്ങളും മത്സ്യഭവനുകൾക്കും മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘങ്ങൾക്കും എത്തിച്ചുകൊടുക്കാമെങ്കിൽ ഈ പ്രശ്നം എളുപ്പം പരിഹരിക്കാം. മത്സ്യഭവനുകളുടെ ഭിത്തിയിൽ എല്ലാ പദ്ധതികളെക്കുറിച്ചും എഴുതി വയ്ക്കാമെങ്കിൽ എല്ലാവർക്കും അത് വായിക്കാനും കൂടുതൽ അന്വേഷണങ്ങൾ നടത്താനും സാധിക്കും - വളരെ ലളിതമായൊരു പോംവഴി.

62. ഫിഷറീസ് ഡിപ്പാർട്ട്മെന്റും മത്സ്യഫെഡും മത്സ്യ ബോർഡും സംയുക്തമായി 12 പേജുള്ള ഒരു വാർഷികകലണ്ടർ പ്രസിദ്ധീകരിക്കണം. ഇതിൽ രക്ഷാപദ്ധതികൾക്കു പുറമേ സമുദ്രമത്സ്യബന്ധനനിയന്ത്രണങ്ങളെക്കുറിച്ചുള്ള (വലക്കണ്ണിയുടെ വലുപ്പം, ട്രോൾനിരോധനമുള്ള തീയതികൾ) വിവരങ്ങളും ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായും കെ.എസ്.ഡി.എം.എ.യുമായും ഐ.എം.ഡി.യുമായും ബന്ധപ്പെടാനാവശ്യമായ വിവരങ്ങളും ചന്ദ്രമാസ ത്തീയതികൾ പോലെയുള്ള ഉപകാരപ്രദമായ മറ്റു വിവരങ്ങളും ചേർക്കാവുന്നതാണ്. കലണ്ടറിന്റെ നിർമ്മാണം ജില്ലാതലത്തിലുള്ള അധികാരികളെ ഏൽപ്പിച്ചാൽ ഓരോ ജില്ലയ്ക്കും കൂടുതൽ പ്രസക്തമായ വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ കഴിയും. കലണ്ടർ അച്ചടിച്ചെലവ് സ്വകാര്യകമ്പനികളിൽനിന്ന് വാങ്ങാവുന്നതാണ്. ഗവൺമെന്റിന് സാമ്പത്തികഭാരം ഉണ്ടാവുകയില്ല.

വിവരശേഖരവും അറിവും

63. തെളിവധിഷ്ഠിതമായ നയരൂപീകരണമാണ് സദ്ഭരണത്തിന്റെ ആണിക്കല്ല്. അതുകൊണ്ട് യഥാവസരം ലഭിച്ചുകൊണ്ടിരിക്കുന്ന വിശ്വാസയോഗ്യമായ വിവരശേഖരങ്ങളുടെ പ്രാധാന്യം എത്ര പറഞ്ഞാലും അധികമാവുകയില്ല. അത്തരം വിവരശേഖരങ്ങൾ വിശകലനം ചെയ്തുകിട്ടുന്ന അറിവുകൾ വച്ചുകൊണ്ടേ ജനങ്ങൾക്കുവേണ്ടി പ്രസക്തമായ പരിപാടികൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനും ഗവൺമെന്റിന് സാധിക്കുകയുള്ളൂ. ഇത് വിജയി

ക്കുന്നതിന് വിവരശേഖരണത്തിലും സൂക്ഷിപ്പിലും നല്ല സാങ്കേതികവിദ്യ ഉണ്ടായിരിക്കണം. പല കാലഘട്ടങ്ങളിൽ ശേഖരിച്ച വിവരങ്ങൾ താരതമ്യപ്പെടുത്തിനോക്കുക; ഉപയോഗിച്ച നിർവചനങ്ങളും പൂർവപക്ഷങ്ങളും പുനരാലോചനയ്ക്ക് വിധേയമാക്കാൻ ഇടയ്ക്കിടെ സാമ്പിൾ സർവേകൾ നടത്തുക; വിവരങ്ങൾ നൽകാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, ഇതെല്ലാം യഥാസമയം ചെയ്യേണ്ടിയിരിക്കുന്നു. വിവരാടിത്തറ മെച്ചപ്പെടുത്താനും അതിന്റെ വിശകലനസൂക്ഷിപ്പുകൾ പരിശീലിപ്പിക്കാനും ഫിഷറീസ് ഡിപ്പാർട്ട്മെന്റും മത്സ്യബോർഡും സമയവും പണവും കണ്ടെത്തണം.

64. താഴെപ്പറയുന്ന കാര്യങ്ങൾ വിലയിരുത്തേണ്ടത് അടിയന്തിരാവശ്യമാണ്. (1) സമൂഹങ്ങളുടെ ജനസംഖ്യാപരമായ രൂപരേഖയിലുണ്ടാകുന്ന മാറ്റങ്ങൾ (2) നിലവിലുള്ള സാമൂഹിക-സാമ്പത്തിക നില - ആസ്തികളുടെ ഉടമസ്ഥത, തൊഴിൽശീലങ്ങൾ, സമ്പാദ്യം, വായ്പ, കടം, വീടുകളുടെ തരം, ഉപജീവനത്തിനുവേണ്ട മറ്റ് ആസ്തികൾ; (3) പലതരം മത്സ്യബന്ധനസാങ്കേതിക വിദ്യകളുടെ പരിണാമവും പ്രയോഗവുമായി ബന്ധപ്പെട്ട സാമ്പത്തികച്ചെലവുകൾ; വരുമാനം, ഊർജ്ജലാഭം; (4) മീൻപിടിത്തത്തിന്റെ നിലവിലുള്ള അവസ്ഥയെപ്പറ്റി മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ അഭിപ്രായങ്ങൾ, ഭാവിയിൽ ഈ മേഖല എങ്ങനെ ഭരിക്കുകയും നടത്തിക്കൊണ്ടുപോവുകയും വേണമെന്നതിനെക്കുറിച്ചുള്ള അവരുടെ നിർദ്ദേശങ്ങളും മുൻഗണനാക്രമങ്ങളും; (5) യുവാക്കളുടെ വിദ്യാഭ്യാസപരമായ നേട്ടങ്ങളുടെയും ആശയാഭിലാഷങ്ങളുടെയും സ്വഭാവവും മത്സ്യബന്ധനമേഖലയിൽ അവർക്കുള്ള ഭാഗഭാഗിത്വവും.

ഫിഷറീസ് ഡിപ്പാർട്ട്മെന്റും മത്സ്യബോർഡും ഒരു വിദഗ്ധസംഘവുമായി കൂടിയാലോചിച്ച് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജനസംഖ്യാപരവും സാമൂഹികവും സാങ്കേതികവും സാമ്പത്തികവുമായ കാര്യങ്ങളെക്കുറിച്ച് ഒരു സമഗ്ര സർവേ നന്നായി ആസൂത്രണം ചെയ്തു നടത്തണം.

65. വിവരശേഖരങ്ങളും അറിവുകളും എങ്ങനെ മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിന് ഉതകുമെന്നും കുശാഗ്രബുദ്ധിയോടെയുള്ള നയരൂപീകരണത്തിന് സഹായകരമാവുമെന്നും പരിശോധിക്കാൻ വേണ്ടി ഒരു വിദഗ്ധാഭിപ്രായാന്വേഷണം നടത്തണം. ഈ കൂടിയാലോചന സംഘടിപ്പിക്കാൻ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മുൻകൈ എടുക്കണം.

66. പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തെപ്പറ്റിയും അവരുടെ ഇടയിലുള്ള സക്രിയരായ മീൻപിടുത്തക്കാരുടെ എണ്ണം, അവരുടെ മത്സ്യബന്ധന ആസ്തി സംഭരണം എന്നിവയെപ്പറ്റി വിശ്വാസയോഗ്യമായ ഒരു പുനരന്വേഷണം നടത്തേണ്ടത് അത്യാവശ്യമാണ്. മറുനാട്ടുത്തൊഴിലാളികളെ, വിശേഷിച്ചും യന്ത്രവത്കൃത ബോട്ടുകളിൽ പണിയെടുക്കുന്നവരെ തിരിച്ചറിയേണ്ടതുണ്ട്. കേരളത്തിൽനിന്ന് ലൈസൻസ് എടുത്തിട്ടുള്ള യന്ത്രവത്കൃത ബോട്ടുകളുടെ എണ്ണവും അവയുടെ ഏറ്റവും ഒടുവിലത്തെ വിവരങ്ങളും കുറെക്കാലമായി നമ്മുടെ തുറമുഖങ്ങളിൽനിന്ന് കടലിൽ പോകുന്ന യന്ത്രവത്കൃതബോട്ടുകളുടെ വിവരങ്ങൾ എന്നിവയും തത്സമയം പരിശോധിക്കേണ്ടതുണ്ട്. ഇതിനായി മത്സ്യമടുപ്പിക്കുന്ന എല്ലാ കേന്ദ്രങ്ങളിലും ഒറ്റ ദിവസം നടപ്പാക്കുന്ന സെൻസസ് മാതൃകയിലുള്ള നിർബ്ബന്ധവിവരശേഖരണം നടത്തുന്നത് അഭിലഷണീയമായിരിക്കും.

ഉപസംഹാരം

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷ, ചരിത്രത്തിന്റെ ഒരു ദശാസന്ധിയിലെത്തി നിൽക്കുകയാണ്. ഒരുവശത്ത്, സമൂഹത്തിനകത്ത് നിലനിന്നിരുന്ന മാമൂൽ പ്രകാരമുള്ള വീതംവയ്ക്കലും കരുതലും ആധുനിക മത്സ്യബന്ധന വികസനം ദശാബ്ദങ്ങൾ പിന്നിട്ടപ്പോൾ നേർത്തു നേർത്തു പോയിരിക്കുന്നു. മറുവശത്ത് ഗവൺമെന്റ് നേതൃത്വത്തിലുള്ള ത്രികക്ഷി സമ്പ്രദായത്തിന്റെ കാമ്പും കഴമ്പും, മുഖ്യമായും പ്രതീക്ഷിച്ചിരുന്ന സംഭാവനകൾ പിരിച്ചെടുക്കാൻ കഴിവില്ലാത്തതുമൂലം, ഇടറുകയാണ്.

മത്സ്യത്തൊഴിലാളികളുടെ മേലുള്ള അപകടസാദ്ധ്യതകളുടെ ഭാരം കൂടിക്കൂടി വരികയാണ്. അവയിലധികവും പൂർണ്ണമായും അവരുടെ നിയന്ത്രണങ്ങൾക്കതീതമാണ്. അവയുടെ സൃഷ്ടിയിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് യാതൊരു പങ്കുമില്ല. ചിലതൊക്കെ ഗവൺമെന്റിന്റെ പിന്തുണയോടുകൂടി അവരുടെ കൂട്ടായ പ്രവർത്തനം കൊണ്ട് പരിഹരിക്കാൻ കഴിയും. പക്ഷേ ആകപ്പാടെ നോക്കുമ്പോൾ ഒരു പാരിസ്ഥിതിക സാമ്പത്തിക സാമൂഹിക രാഷ്ട്രീയ സ്തംഭനാവസ്ഥയാണ് നാം കാണുന്നത്. ഈ ദശാസന്ധിയിൽ സ്വീകരിക്കേണ്ട പാതയേതെന്നതിനെക്കുറിച്ച് സാകല്യേന ചിന്തിക്കുന്നതിനുവേണ്ടി ഗവൺമെന്റും മത്സ്യത്തൊഴിലാളികളും ഒപ്പം ശാസ്ത്രജ്ഞരും സിവിൽ സമൂഹവും പങ്കെടുക്കുന്ന ഒരു കൂട്ടായ കൂടിയാലോചന ആസന്നഭാവിയിൽ തന്നെ നടത്തേണ്ടതാണ്. അങ്ങേയറ്റം യാദൃച്ഛികമായ ഘടകങ്ങൾ സംയോജിപ്പിച്ചുണ്ടായിരിക്കുന്ന ഒരു മണിസൗധത്താൽ അനുഗൃഹീതമാണ് കേരളത്തിലെ സമുദ്ര മത്സ്യബന്ധനമേഖല: അനായാസം എടുക്കാവുന്ന വിലപ്പെട്ടതും വിപുലവുമായ പുനരുജ്ജീവിക്കുന്ന വിഭവസമ്പത്ത്; കേരളത്തിന്റെ തീരമേഖലയിൽ ഉടനീളം വിന്യസിക്കപ്പെട്ടിരിക്കുന്ന നിപുണരും വിജ്ഞരുമായ ഉത്പാദകരുടെ സമൂഹം; അങ്ങേയറ്റം പോഷകസമൃദ്ധവും സാംസ്കാരികമായി സ്വീകാര്യവുമായ ഭക്ഷണവിഭവം മത്സ്യപ്രിയരായ ഉപഭോക്താക്കൾക്ക് വേഗത്തിൽ, ചീത്തയാകാതെ എത്തിച്ചുകൊടുക്കുന്ന അനുബന്ധജോലിക്കാരുടെയും സംരംഭകരുടെയും ഒരു ശൃംഖല; ഉദ്ബുദ്ധരായ ശാസ്ത്രജ്ഞരുടെ വലിയൊരു സമൂഹവും പിന്നെ അർപ്പിതമനസ്കരായ ഭരണകർത്താക്കളുടെയും നടത്തിപ്പുകാരുടെയും ഒരു സംഘവും. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഉള്ള അർത്ഥവത്തും സുസ്ഥിരവുമായ ഉപജീവനമാർഗ്ഗത്തെ ആത്യന്തികമായി ആശ്രയിച്ചാണ് മേത്പ്പറഞ്ഞ സൗധത്തിന്റെ സുഗമമായ പ്രവർത്തനം നടക്കുക. ഇത് ഉറപ്പാക്കുന്നതിനുള്ള താക്കോൽ ഫലപ്രദവും വേണ്ടത്ര പണംമുടക്കി നടത്തുന്നതും ആശ്രയിക്കാവുന്നതും കരുതലുള്ളതുമായ സാമൂഹിക സുരക്ഷാ സംവിധാനമാണ്.